പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III

## (SUBJECT COMMITTEE III)

ജലവിഭവം

## (WATER RESOURCES)

പീരിയോഡിക്കൽ റിപ്പോർട്ട്

(2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH, 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th August, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2020

## പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

## ജലവിഭവം
# (WATER RESOURCES)

### പീരിയോഡിക്കൽ റിപ്പോർട്ട്
### (2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

### (PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH, 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

629/2020.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 9 |

# സബ്ജക്റ്റ് കമ്മിറ്റി III
## (ജലവിഭവം)
## (2019-2021)

ഘടന

<u>ചെയർമാൻ</u> :

കെ. കൃഷ്ണൻകുട്ടി,
ജലവിഭവ വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. വി.ടി. ബൽറാം, എം. എൽ. എ.

ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.

ശ്രീ. മാണി. സി. കാപ്പൻ, എം. എൽ.എ.

ശ്രീ. കെ. ജെ. മാക്സി, എം. എൽ. എ.

ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ.എ.

ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.

ശ്രീ. ഐ. ബി. സതീഷ്, എം. എൽ. എ.

ശ്രീ. പി. ടി. തോമസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ജയശ്രീ. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി. വി.ആർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക്. എസ്. വി., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2019-2021) ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2019-2021) 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോട്ട് കാലയളവിൽ സമിതി 15-5-2019, 27-6-2019, 10-7-2019, 25-7-2019, 4-9-2019, 23-10-2019, 19-2-2020, 25-2-2020 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റെഗുലേഷൻ, 2018-19-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിശോധന, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായംII - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായംIII - സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ/ റെഗുലേഷനുകൾ.

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായംV - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI - (a) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായംVII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം ,
2020, ജൂലൈ 22 .

## റിപ്പോർട്ട്

### അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2019 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2019 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചു.

### അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ല്

ഇല്ല.

### അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ/റെഗുലേഷനുകൾ

1. സമിതിയുടെ 15-5-2019-ലെ യോഗം കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) (അമെന്റ്മെന്റ്) റെഗുലേഷൻസ്, 2019-ന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

2. സമിതിയുടെ 23-10-2019-ലെ യോഗം 2019-ലെ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ്) സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസിന്റെ കരട് അംഗീകരിച്ചു.

### അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

സമിതിയുടെ 15-5-2019-ലെ യോഗം 'ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)' എന്ന വിഷയത്തിന്മേൽ ചർച്ച നടത്തുകയും അണക്കെട്ട് പ്രദേശത്തെ കൈയ്യേറ്റം ഒഴിപ്പിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

സമിതിയുടെ 4-9-2019-ലെ യോഗം കേരളത്തിലെ ജലസ്രോതസ്സുകൾ കൃഷിക്ക് അനുയോജ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ, കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയും തുടർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സമിതിയുടെ 23-10-2019-ലെ യോഗം "കേരള വാട്ടർ അതോറിറ്റി ഒരു സമഗ്ര അവലോകനം"എന്ന വിഷയത്തിൽ വകുപ്പുമായി വിശദമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

25-7-2019-ൽ സമിതി കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശം സന്ദർശനം നടത്തുകയും തുടർന്ന് തെന്മല ഡാം ഐ.ബി.-യിൽ യോഗം ചേരുകയും കനാലുകളിൽ നിന്നുള്ള ജലനഷ്ടം കുറയ്ക്കുന്നതിനായി ഡാം മെയിന്റനൻസ് കൃത്യമായി ചെയ്യുന്നതിനും ഡാമിലെ ജലം കർഷകർക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഡാമിനായി ഏറ്റെടുത്ത സ്ഥലത്തെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ ഡാമും പരിസരപ്രദേശങ്ങളും ക്വാർട്ടേഴ്സും കാര്യക്ഷമമായി പരിപാലിക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## അദ്ധ്യായം V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6)പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XXIX-കൃഷി | 2016-17 | കേരള സംസ്ഥാന ഭൂജല വകുപ്പ് | 13-11-2019 |
| XXIX- കൃഷി | 2018-19 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് | 6-2-2020 |
| XXXVIII- ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് | 6-2-2020 |

## അദ്ധ്യായം -VI

a. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 64 | 1-64 | ഇല്ല | ഇല്ല |

b. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ 21, 23 മുതൽ 25 വരെ, 33, 34, 51 മുതൽ 53 വരെയുള്ള ഖണ്ഡികകൾക്ക് ഇടക്കാല മറുപടിയാണ് ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമാക്കിയത്. ആയത് 15-5-2019-ലെ സമിതി യോഗം പരിഗണിച്ചു. വിശദാംശം താഴെപ്പറയുന്നു:

### ശിപാർശ

2700-01—പെരിയാർ നദീതട പദ്ധതി (വാണിജ്യേതരം) (നോൺപ്ലാൻ)

പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനും നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റ് ചെലവുകൾക്കും ചാർജ്ജ്ഡ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ 750 കി.മീറ്റർ കനാലിന്റെ അറ്റകുറ്റപണികൾക്കായും തകർന്നു കിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും കനാൽ സംരക്ഷണപണികൾ ഏറ്റെടുത്ത് നടത്തുന്നതിനും മൂന്നു കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

### ഇടക്കാല മറുപടി

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ബില്ലുകളുടെ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക്, അധിക വിഹിതം അനുവദിക്കുന്നതാണ്. ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ളവിഹിതം പൂർണമായും ചെലവഴിച്ചതിനു ശേഷം അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

2700-11 — നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം) (നോൺ പ്ലാൻ)

നെയ്യാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

**ഇടക്കാല മറുപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ബില്ലുകളുടെ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതാണ്. ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം പൂർണമായും ചെലവഴിച്ചതിന് ശേഷം അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു)

**ശിപാർശ**

2700-13—കുറ്റ്യാടി പദ്ധതി (വാണിജ്യേതരം) (നോൺ പ്ലാൻ)

ജലസേചന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കാവേരി ഹൗസിന്റെ സംരക്ഷണത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 24)

**ഇടക്കാല മറുപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ബില്ലുകളുടെ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതാണ്. ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം പൂർണമായും ചെലവഴിച്ചതിന് ശേഷം അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു)

**ശിപാർശ**

2700-14 —വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം) (നോൺപ്ലാൻ)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിലെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

**ഇടക്കാല മറുപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ബില്ലുകളുടെ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക്, അധിക വിഹിതം അനുവദിക്കുന്നതാണ്. ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം പൂർണമായും ചെലവഴിച്ചതിന് ശേഷം അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

2701-02 — ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി(വാണിജ്യപരം) (നോൺപ്ലാൻ)

പ്രസ്തുത പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

**ഇടക്കാല മറുപടി**

സംസ്ഥാനതല മുൻഗണനാക്രമപ്രകാരം കരാറുകാരുടെ കുടിശ്ശിക തുക മാറുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ കരാറുകാരുടെ കുടിശ്ശിക തുക അനുവദിക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

2701-03—ചീരക്കുഴി പദ്ധതി (വാണിജ്യപരം) (നോൺപ്ലാൻ)

നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

**ഇടക്കാല മറുപടി**

സംസ്ഥാനതല മുൻഗണനാക്രമപ്രകാരം കരാറുകാരുടെ കുടിശ്ശിക തുക മാറുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ കരാറുകാരുടെ കുടിശ്ശിക തുക അനുവദിക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

4700 - 20 —ഇടമലയാർ പദ്ധതി (വാണിജ്യേതരം) (പ്ലാൻ)

പദ്ധതിയിലെ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 15 കോടി രൂപയും ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 12 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

**ഇടക്കാല മറുപടി**

വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഉചിതമാർഗ്ഗത്തിലൂടെ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

4700 - 22 —മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) (പ്ലാൻ)

മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വർക്കുകൾ AIBP ഏറ്റെടുക്കുന്നതിനായി 50 കോടി രൂപയും ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 15 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

**ഇടക്കാല മറുപടി**

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസൃതമായ വിഹിതമാണ് വകയിരുത്തിയിരിക്കുന്നത് എന്നിരുന്നാലും നിലവിലുള്ള വിഹിതം ചെലവഴിച്ച് തീർന്നതിന് ശേഷം അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

**ശിപാർശ**

4700- 28—ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം) (പ്ലാൻ)

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ശമ്പള ഇനത്തിൽ അധിക തുക ആവശ്യമായതിനാൽ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

**ഇടക്കാല മറുപടി**

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസൃതമായ വിഹിതമാണ് വകയിരുത്തിയിരിക്കുന്നത് നിലവിലുള്ള വിഹിതം ചെലവഴിച്ച് തീർന്നതിന് ശേഷം അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(അന്തിമ മറുപടി സമിതി ആവശ്യപ്പെട്ടു.)

## 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

**ശിപാർശ**

4701- 13 —കബിനി കാരാപ്പുഴ പദ്ധതി (വാണിജ്യേതരം) (പ്ലാൻ)

കബിനി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഭരണപരമായ പ്രവർത്തനങ്ങൾക്കും മരാമത്ത് പണികൾക്കും വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 5.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 76)

**സ്വീകരിച്ച നടപടി**

സാമ്പത്തിക പ്രതിസന്ധി കാരണം അധിക തുക അനുവദിച്ചില്ല

(ഡിലേസ്റ്റേറ്റ്മെന്റ് 5-12-2018-ൽ സഭയിൽ സമർപ്പിച്ചു.)

2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

**ശിപാർശ**

2701-02-101-98—<u>ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി - സംരക്ഷണ പണികൾ - മറ്റ് ചെലവുകൾ (വാണിജ്യ പരം) (നോൺപ്ലാൻ)</u>

ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ സംരക്ഷണപണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

**സ്വീകരിച്ച നടപടി**

സാമ്പത്തിക പ്രതിസന്ധി കാരണം അധിക തുക അനുവദിക്കാൻ സാധിച്ചില്ല

(ഡിലേസ്റ്റേറ്റ്മെന്റ് 5-12-2018-ൽ സഭയിൽ സമർപ്പിച്ചു)

<u>അദ്ധ്യായം -VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

## 2020-21 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

19-2-2020-ൽ സമിതിയോഗം ചേർന്ന് 2020-21 സാമ്പത്തിക വർഷത്തെ XX, XXIX, XXXVIII എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 25-2-2020-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകൾ ഉൾപ്പെട്ട കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2020, ജൂലൈ 22.

<u>അനുബന്ധം</u>

## 15-5-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2019 മേയ് മാസം 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
3. ശ്രീ മോൻസ് ജോസഫ്, എം.എൽ.എ.
4. ശ്രീ. പി. ടി. എ. റഹിം, എം.എൽ.എ.
5. ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബി. അശോകൻ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ഡോ. എ. കൗശിഗൻ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീമതി സീതാലക്ഷ്മി അമ്മ എ., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ (ഐ.&എ.), ജലസേചന വകുപ്പ്
6. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II), ജലസേചന വകുപ്പ്
7. ശ്രീ എസ്. തിലകൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് - I), ജലസേചന വകുപ്പ്, കോഴിക്കോട്

8. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ.ഡി.ആർ.ബി.), ജലസേചന വകുപ്പ്

9. ശ്രീ. വി. എസ്. ഷാജി, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ജലസേചന വകുപ്പ്

10. ശ്രീ. ശ്രീകുമാർ എം., ചീഫ് എഞ്ചിനീയർ (HRD & GL), കേരള വാട്ടർ അതോറിറ്റി

11. ശ്രീമതി മഞ്ജു എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഐ.ഡി.ആർ.ബി.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് തീരുമാനങ്ങളെടുക്കുകയും ചെയ്തു:

(I) നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235 (എ) പ്രകാരം 'ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)' എന്ന വിഷയത്തിന്മേലുള്ള ചർച്ച.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ടെണ്ടർ ചെയ്ത വർക്കുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു. 46 പ്രോജക്ടുകളിൽ 27 എണ്ണം പൂർത്തീകരിക്കുകയും 8 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരികയാണെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) മറുപടി നൽകി. ടെണ്ടർ പൂർത്തിയാക്കിയവ അവാർഡ് ചെയ്യാൻ സാധിക്കില്ലേ എന്ന് സമിതിയുടെ ചോദ്യത്തിന് ടെണ്ടർ പൂർത്തീകരിച്ച് അവാർഡ് ചെയ്യത്തക്ക വിധത്തിലുള്ള വർക്കുകളൊന്നും നിലവിലില്ല എന്നും ടെണ്ടർ കഴിഞ്ഞ കുറ്റ്യാടി പ്രോജക്ടിന്റെ ബാക്കിംഗ് ബിഡ് സി.ഡബ്ല്യു.സി.-യുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട് എന്നും അത് അംഗീകരിച്ചാൽ മാത്രമേ വർക്ക് അവാർഡ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് -II) അറിയിച്ചു.

നെയ്യാർ പാക്കേജുമായി ബന്ധപ്പെട്ട് എന്തൊക്കെ വർക്കുകളാണ് ഇനി പൂർത്തിയാക്കാനുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി സിവിൽ വർക്കുകൾ പൂർത്തിയാക്കാൻ ഉണ്ടെന്നും എല്ലാ ഡാമുകളിലും ഫെൻസിംഗ് വർക്കുകൾ ഉണ്ടായിരുന്നു എന്നും കൈയ്യേറ്റത്തിന്റെയും മറ്റും പ്രശ്നമുള്ള ഡാമുകളിൽ അതുസംബന്ധിച്ച് ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് സ്ഥലം സർവ്വേ ചെയ്ത് കല്ലിട്ട് കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ചില സ്ഥലങ്ങളിൽ അത് പൂർത്തീകരിച്ചിട്ടില്ല എന്നും കാലതാമസം വരുന്ന ഫെൻസിംഗ് വർക്കുകൾ ഒഴിവാക്കി പകരം മറ്റെന്തെങ്കിലും വർക്കുകൾ ചെയ്യുന്നതിനുള്ള CWC-യുടെ നിർദ്ദേശം പരിഗണിച്ച് അനന്തമായി നീണ്ടുപോയ നെയ്യാർ പ്രോജക്ടിന്റെ ഫെൻസിംഗ് വർക്കുകൾ ഒഴിവാക്കി ആ തുകയ്ക്ക് ഡാം ഏരിയയിലുള്ള കുറച്ച് റോഡുകളുടേയും എർത്ത് ഡാമിന്റെ കുറച്ച്

വർക്കുകളുടേയും പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിരുന്നത് ഇപ്പോൾ പാസ്സാക്കി നൽകിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) അറിയിച്ചു.

അണക്കെട്ട് പ്രദേശത്തെ കൈയ്യേറ്റം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റവന്യൂ വകുപ്പാണ് സ്ഥലം അളന്ന് തിട്ടപ്പെടുത്തേണ്ടത് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഡ്രില്ലിംഗ് ആന്റ് ഗ്രൗട്ടിംഗ് ചെയ്തതിനാൽ മിക്ക ഡാമുകളിലെയും സീപ്പേജ് കുറയ്ക്കാൻ സാധിച്ചു എന്നും എല്ലാ ഡാമുകളുടേയും സുരക്ഷ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചു. നെയ്യാർ ഡാമിൽ ഗ്രൗട്ടിംഗ് നടത്തിയോ എന്ന് സമിതി ആരാഞ്ഞതിന് മുൻപ് നെയ്യാർ ഡാമിൽ ഗ്രൗട്ടിംഗ് നടത്തിയിട്ടുള്ളതിനാൽ ഇപ്പോൾ അതിന്റെ ആവശ്യം ഇല്ല എന്നും ഡാം സേഫ്റ്റി റിവ്യൂ പാനൽ പരിശോധിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ പറയുന്ന വർക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാതിരുന്ന പല ഗേറ്റുകളും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കിയതിനാൽ അടിയന്തര ഘട്ടത്തിൽ എല്ലാ ഗേറ്റുകളും തുറക്കാൻ സാധിക്കുന്നുണ്ട് എന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) അറിയിച്ചു.

കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച് പല മീറ്റിംഗുകൾ കൂടുകയും റവന്യൂ വകുപ്പ് ഉൾപ്പടെ എല്ലാ തലങ്ങളിൽ നിന്നുമുള്ള ഇടപെടൽ ഉണ്ടാകുകയും ചെയ്തെങ്കിലും കൈയ്യേറ്റക്കാരെ ഇതുവരെ പൂർണ്ണമായും ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല എന്നും മലങ്കര ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയ കൈയ്യേറിയത് സംബന്ധിച്ചുള്ള റിപ്പോർട്ടുകളെല്ലാം ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) അറിയിച്ചു. റിപ്പോർട്ട് കൊടുത്തതുകൊണ്ട് മാത്രം കാര്യമില്ല എന്നും ഡാമിന്റെ സ്ഥലത്ത് ബഹു നില ഹോട്ടൽ കെട്ടിടം നിർമ്മിച്ചതുൾപ്പെടെയുള്ള പ്രധാന കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്നും പ്രസ്തുത ഡാമിനായി അക്വയർ ചെയ്ത സ്ഥലം നിലവിൽ കൈവശമുണ്ടോ എന്ന് പരിശോധിക്കുകയാണ് ആദ്യം ചെയ്യേണ്ടത് എന്നും സമിതി അഭിപ്രായപ്പെട്ടു. നെയ്യാർ ഡാമിന്റെ പ്രദേശങ്ങളിലും ഇതുപോലുള്ള കൈയ്യേറ്റമുണ്ട് എന്നും അഞ്ചുചെയിൻ ഏരിയയിൽ കടിയേറി പാർക്കുന്ന 257 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ പല മീറ്റിംഗുകളും നടത്തുകയും അവർക്ക് 15 സെന്റ് സ്ഥലം വീതം നൽകി അവരെ മാറ്റിപാർപ്പിക്കാമെന്ന് അറിയിച്ചിട്ടും പലരും രണ്ടും മൂന്നും ഏക്കറോളം സ്ഥലം കൈയ്യേറി അനുഭവിച്ചു വരുന്നതിനാൽ ഇതിനോട് സഹകരിക്കാൻ തയ്യാറാകുന്നില്ല എന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) അറിയിച്ചു.

ഇടപ്പള്ളി കനാലിന്റെ മധ്യഭാഗം വരെ കയ്യേറി വീട് നിർമ്മിച്ചിരിക്കുന്നതിനാൽ വെള്ളത്തിന് ഒഴുകിപ്പോകാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത് എന്ന് സമിതി

നിരീക്ഷിച്ച് അനധികൃത കൈയ്യേറ്റം നടക്കുമ്പോൾ അത് തടയാൻ വകുപ്പിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല എന്ന് സമിതി അഭിപ്രായപ്പെട്ടു

ഒരു വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥലത്തെ കൈയ്യേറ്റം ഒഴിപ്പിക്കേണ്ടത് ആ വകുപ്പിലെ ഉദ്യോഗസ്ഥരാണെന്നും അതുകൊണ്ട് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു കൈയ്യേറ്റമുള്ള ഡാമുകളെ പറ്റിയുള്ള സമിതിയുടെ ചോദ്യത്തിന് കൈയ്യേറ്റമുള്ള ഡാമുകളുടെ വിശദവിവരങ്ങൾ സർക്കാറിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ചീഫ് എഞ്ചിനിയർ (പ്രോജക്ട് -II) മറുപടി നൽകി. കൈയ്യേറ്റമുള്ള സ്ഥലങ്ങൾ, കൈയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്നിവ കാണിച്ചുകൊണ്ട് ഒരു റിപ്പോർട്ട് തയ്യാറാക്കി അടിയന്തിരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

(2) കേരള വാട്ടർ അതോറിറ്റി (വാട്ടർസപ്ലൈ) (അമെന്റ്മെന്റ്) റെഗുലേഷൻസ്, 2019 - സംബന്ധിച്ച്.

(ഫയൽ നമ്പർ 1097/സബ്.സി.എ 1/2019/നി.സെ.)

1991-ലെ (കേരള വാട്ടർ സപ്ലൈ) റെഗുലേഷൻസിന്റെ അപൻഡിക്സ്- 4-ലെ clause 2(b) (iii)-ൽ പ്ലംബിംഗ് ലൈസൻസ് നേടുന്നതിന് നിലവിലുള്ള യോഗ്യതകൾക്കൊപ്പം "ബോർഡ് ഓഫ് എക്സാമിനേഴ്സ് ഓഫ് പ്ലംബിംഗ് ലൈസൻസ് എക്സാമിനേഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള കേരള സർക്കാറിന്റെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപാർട്ട്മെന്റ് മുഖേനയോ നാഷണൽ കൗൺസിൽ ഓൺ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി) മുഖേനയോ ഒരു വർഷ കാലയളവിലെ കോഴ്സ് വിജയകരമായി പൂർത്തികരിച്ചതിനുശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റ് " കൂടി ചേർക്കുന്നതിനുള്ള കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) അമെന്റ്മെന്റ് റെഗുലേഷൻസ്, 2019 ഭേദഗതികളില്ലാതെ സമിതി അംഗീകരിച്ചു

(3) 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് അനന്തരനടപടി

(ഫയൽ നമ്പർ 3449/സബ്.സി.എ 1/2014/നി.സെ.)

ഖണ്ഡിക നമ്പർ 37-മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(4) 2016-17 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് അനന്തരനടപടി

(ഫയൽ നമ്പർ 4549/സബ്.സി.എ 1/2016/നി.സെ.)

ഖണ്ഡിക നമ്പർ 76-മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(5) 2017-കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ് സർവ്വീസസ്) ഭേദഗതി ചട്ടം (എസ്.ആർ.ഒ. നമ്പർ 150/17)

(ഫയൽ നമ്പർ 435/സബ്.സി.എ 1/2017/നി.സെ.)

ഇടക്കാല റിപ്പോർട്ട് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു. സമിതി നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി ചട്ടം ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടെന്നും ആയത് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

(6) 2017-18 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 23-3-2017-ലെ യോഗനിർദ്ദേശം -അനന്തരനടപടി

(ഫയൽ നമ്പർ 4237/സബ്.സി.എ 1/2017/നി.സെ.)

വർക്കുകളിലെ ടെണ്ടർ എക്സസ്സിന് നബാർഡ് 5% തുക മാത്രമേ അനുവദിക്കുന്നുള്ളൂ വെന്നും പ്രസ്തുത വർക്ക് ചെയ്യണമെങ്കിൽ അതിനൊരു ഗ്യാപ് ഫണ്ട് ആവശ്യമാണെന്നും നബാർഡ് വർക്കുകളിലെ ടെണ്ടർ എക്സസ്സ് സംബന്ധിച്ച വിഷയം പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഗ്യാപ് ഫണ്ട് അനുവദിക്കണമെന്നുള്ള സമിതി ശിപാർശയിന്മേൽ ധനകാര്യ (നോഡൽ സെന്റർ എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കവെ, നബാർഡ് 5 ശതമാനത്തിൽ കൂടുതൽ ടെണ്ടർ എക്സസ്സ് അനുവദിക്കുന്നില്ല എന്നും ടെണ്ടർ എക്സസ്സ് അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യവകുപ്പ് അനുകൂലമല്ല എന്നും നിലവിലെ റൂൾ പ്രകാരം ടെണ്ടർ ക്വാട്ട് ചെയ്ത് ഡി.എസ്.ആർ. പ്ലസ് 10 ശതമാനം അഥവാ ലോക്കൽ മാർക്കറ്റ് റേറ്റ് ഇതിൽ ഏതാണോ കുറവ് അത് എടുക്കണമെന്നതാണ് എന്നും ചില കേസുകളിൽ 10 ശതമാനം ആണ് പരിധി എന്നും നബാർഡ് 5% മാത്രമേ തരികയുള്ളൂ എന്നും നിലവിൽ ടെണ്ടർ എക്സസ്സ് 5 ശതമാനത്തിൽ കൂടുതലാണെങ്കിൽ ടെണ്ടർ കാൻസൽ ചെയ്ത് റീ-ടെണ്ടർ ചെയ്യുകയാണെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. നബാർഡ് ഫണ്ട് ലാപ്സാക്കാതിരിക്കാൻ സംവിധാനമുണ്ടാക്കുന്നത് നല്ലതായിരിക്കും എന്നും ധനകാര്യവകുപ്പ് ഇതിന് പ്രത്യേക സംവിധാനം കണ്ടെത്തണമെന്നും ഭാവിയിൽ ടെണ്ടർ എക്സസ്സ് കാരണം നബാർഡിന്റെ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി ഈ വിഷയം പ്രത്യേകമായി പരിഗണിക്കണമെന്ന് ധനകാര്യവകുപ്പിനോട് വീണ്ടും ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

(7) 2017-18 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 29-3-2017-ലെ യോഗനിർദ്ദേശം

(ഫയൽ നമ്പർ 4237/സബ്.സി.എ 1/2017/നി.സെ.)

കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ എടുത്ത നിലപാട്, ആയതിന്റെ പരിമിതി, സ്വീകരിക്കുവാൻ കഴിയുന്ന തുടർ നടപടി പാമ്പാർ ബേസിനിലെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, ബാണാസുര സാഗർ ജലസേചന പദ്ധതിയിൽ നിന്ന് 5 ടി.എം.സി. ജലമാണ് തമിഴ്നാട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് എന്നും കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം അത് 0.84 ടി.എം.സി. ആയി ചുരുങ്ങിയിട്ടുണ്ട് എന്നും കുറ്റ്യാടി ജലസേചന പദ്ധതിയിലെ ജലം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ കോഴിക്കോട് ജില്ലയിൽ ജലക്ഷാമമുണ്ടാകുമെന്നും അക്കാര്യം ഗൗരവമായി ചർച്ച ചെയ്യുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല എന്നും കേരളം ഉപയോഗിക്കാത്ത ജലം മുഴുവൻ തമിഴ്നാടിന് ഉപയോഗിക്കാമെന്നാണ് എഗ്രിമെന്റിലെ വ്യവസ്ഥ എന്നും നിരീക്ഷിച്ച സമിതി കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

(8) 17-5-2017-ലെ സമിതിയോഗ നിർദ്ദേശങ്ങൾ അനന്തരനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 4252/സബ്.സി.എ 1/2017/നി.സെ.) റിപ്പോർട്ട് പരിഗണിച്ച സമിതി, ആയത് അംഗീകരിച്ചു.

(9) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) അനന്തരനടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 1301/സബ്.സി.എ 1/2017/നി.സെ.)

ഖണ്ഡിക നമ്പർ 21, 23, 24, 25, 33, 34, 51, 52, 53 എന്നിവയിലെ ശിപാർശകളിന്മേൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിഗണിച്ച സമിതി അവയിന്മേൽ അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 13, 15, 16, 17, 18,20 എന്നിവയിലെ ശിപാർശകളിന്മേൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി ആയവ അംഗീകരിച്ചു.

വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനുവേണ്ടി ചെറുകിട ജലസേചന പദ്ധതികളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 20-ലെ ശിപാർശയായ, കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY-യിൽ നോഡൽ ഏജൻസിയായ കൃഷി വകുപ്പ് മുഖേന സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ ജലസേചന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന സമിതി ശിപാർശയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ, 'സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല' എന്ന റിപ്പോർട്ട് പരിഗണിച്ച സമിതി സംസ്ഥാന വിഹിതം അനുവദിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര ഫണ്ട് ലഭിക്കാതെ വരും എന്ന് അഭിപ്രായപ്പെടുകയും റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

(10) 6-12-2017-ലെ യോഗ നിർദ്ദേശങ്ങൾ - അനന്തര നടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 2920/സബ്.സി.എ 1/2018/നി.സെ.)

<u>ശിപാർശ നമ്പർ 1</u>

ചാലിയാറിൽ തമിഴ്നാട് നടത്തുന്നതായി പറയപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള സമിതി ശിപാർശയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, അവസാനമായി പ്രസ്തുത പ്രദേശത്ത് സ്ഥല പരിശോധന നടത്തിയതെന്നാണ് എന്ന് ആരാഞ്ഞതിന് മറുപടിയായി 2018 മേയ് മാസത്തിലാണ് അവസാനമായി പരിശോധന നടത്തിയതെന്നും പൊതുവെ എല്ലാ മാസവും സ്ഥല പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകാറുണ്ട് എന്നും ചീഫ് എഞ്ചിനീയർ (ഐ. & എ.) അറിയിച്ചു.

ചാലിയാറിൽ ഡാമിനായുള്ള പ്രൊപ്പോസൽ നൽകുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത പ്രൊപ്പോസൽ നൽകിയിട്ടുണ്ട് എന്നും പാണ്ടിയാർ-പുന്നപ്പുഴ ഡാമിനായുള്ള പ്രൊപ്പോസൽ വീണ്ടും നൽകാം എന്നും പ്രധാനമായും വെള്ളപ്പൊക്ക നിയന്ത്രണം, കൃഷി, വൈദ്യുതോൽപാദനം എന്നിവയ്ക്കാണ് പ്രസ്തുത ഡാം നിർമ്മിക്കുന്നത് കൊണ്ട് പ്രയോജനം ലഭിക്കുന്നത് എന്നും ചീഫ് എഞ്ചിനീയർ (ഐ. & എ.) അറിയിച്ചു.

വെള്ളപ്പൊക്ക നിയന്ത്രണത്തേക്കാളുപരി കവുങ്ങ്, ജാതി തുടങ്ങിയ നാണ്യവിളകൾക്ക് അനുയോജ്യമായ പ്രദേശമായതിനാൽ അത്തരം കൃഷിക്ക് ആവശ്യമായ ജലം നൽകാൻ കഴിയുന്നത് പരിശോധിച്ചശേഷം പ്രസ്തുത ഡാമിന് പ്രൊപ്പോസൽ നൽകാൻ സമിതി ശിപാർശ ചെയ്തു.

<u>ശിപാർശ നമ്പർ 2</u>

വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 3</u>

വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും കരാർ പ്രകാരമുള്ള ജലം തമിഴ്നാട് നൽകുന്നില്ല എന്നതാണ് കേരളം ഫയൽ ചെയ്തിട്ടുള്ള കേസ്സെന്നും Assured Irrigation എന്ന ക്ലാസ് കേരളത്തിന് നഷ്ടമാകാതിരിക്കാൻ കരാർ പ്രകാരം മഴ ലഭിച്ചാലും ഇല്ലെങ്കിലും ജലം നൽകേണ്ടതാണ് എന്നും കേസ്സിന്റെ ഹിയറിംഗിന് മുൻപ് ഇക്കാര്യത്തിൽ കൂടി ആലോചന നടത്തി തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 4</u>

വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു

<u>ശിപാർശ നമ്പർ 5</u>

നാഷണൽ വാട്ടർ ഫ്രെയിം വർക്ക് ബിൽ 2016 ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണൽ ബില്ല് എന്നിവ കേരളത്തെ എങ്ങനെ ബാധിക്കുമെന്നതുസംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആയതു അംഗീകരിക്കുകയും ചെയ്തു.

(11) 30-11-2016, 3-1-2017 എന്നീ തീയതികളിലെ യോഗ നിർദ്ദേശങ്ങൾ- അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 2520/സബ്.സി.എ 1/2017/നി.സെ.)

പാമ്പാർ ബേസിനിലെ ചില പ്രദേശങ്ങളിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് ആരാഞ്ഞതിന് മറുപടിയായി പ്രസ്തുത കൈയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടില്ല എന്നും അപ്പർ ചട്ടമൂന്നാർ അണക്കെട്ടിന്റെയും ലോവർചട്ട മൂന്നാർ അണക്കെട്ടിന്റെയും റിസർവ്വോയർ ഏരിയയുടെ കൊണ്ടൂർ സർവ്വേ പൂർത്തീകരിച്ച് അതിനുള്ള അതിർത്തിക്കല്ലുകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്നും അതാത് പദ്ധതിയ്ക്ക് വേണ്ടിവരുന്ന സ്ഥലം മാത്രമാണ് നിലവിൽ സർവ്വേ ചെയ്തിട്ടുള്ളത് എന്നും ബാക്കി സ്ഥലം എത്ര ഏക്കറാണെന്ന് സർവ്വേ ചെയ്തിട്ടില്ല എന്നും ചീഫ് എഞ്ചിനീയർ (പ്രൊജക്ട് -II) അറിയിച്ചു. തുടർന്ന് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ഥലം കൈവശമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി പ്രസ്തുത പദ്ധതികാവശ്യമായ സ്ഥലം കൈവശമുണ്ടെന്നും പ്രൊജക്ടിന് ആവശ്യമുള്ള സ്ഥലത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും അതിന് താഴെയുള്ള സ്ഥലം മൈനർ ഇറിഗേഷന്റെ കൈവശമുള്ളതാണെന്നും ചീഫ് എഞ്ചിനീയർ (പ്രൊജക്ട്-11) അറിയിച്ചു.

ജലസേചന വകുപ്പിന്റെ സ്ഥലം കൈയ്യേറിയെന്ന് പറയുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ സമിതി ആവശ്യപ്പെടുകയും ആയതിന് മറുപടിയായി പദ്ധതിയ്ക്ക് കണ്ടെത്തിയ പ്രദേശം ലീസ്ഡ് ലാന്റാണെന്നും അതിൽ കൈയ്യേറ്റമില്ലെന്നും പദ്ധതിക്കാവശ്യമായ സ്ഥലം അവിടെ നിന്നും എടുക്കാനുള്ള നടപടി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുരോഗമിക്കുന്നുണ്ട് എന്നും കൈയ്യേറിയതായി പറയപ്പെടുന്ന പ്രദേശം, പ്രസ്തുത പദ്ധതി പ്രദേശത്തിനോടു ചേർന്ന് മൈനർ ഇറിഗേഷന്റെ കനാൽ ഉണ്ടായിരുന്ന പ്രദേശമാകാനാണ് സാധ്യത എന്നും ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ. ഡി. ആർ. ബി.) അറിയിച്ചപ്പോൾ ആയത് സംബന്ധിച്ച് വിശദവും വ്യക്തവുമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(12) 20-9-2016- ലെ യോഗ നിർദ്ദേശങ്ങൾ - അനന്തര നടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 2892/സബ്.സി.എ 1/2017/നി.സെ.)

റിപ്പോർട്ട് പരിഗണിച്ച സമിതി, ആയത് അംഗീകരിച്ചു.

സമിതി യോഗം വൈകുന്നേരം 3.45-ന് അവസാനിച്ചു.

## 27-6-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2019 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '5 B' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പു മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ. ജെ. മാക്സി, എം. എൽ. എ.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.
3. ശ്രീ. പി. ടി. എ. റഹിം, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എസ്. മുരളീധരൻ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ഡോ. എ. കൗശിഗൻ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ (ഐ & എ.), ജലസേചന വകുപ്പ്
4. ശ്രീ. റ്റി. ജി. സെൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് -II, ജലസേചന വകുപ്പ്
5. ശ്രീ. എസ്. തിലകൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I, കോഴിക്കോട്, ജലസേചന വകുപ്പ്
6. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ. ഡി. ആർ. ബി.), ജലസേചന വകുപ്പ്
7. ശ്രീ. വി. എസ്. ഷാജി, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ജലസേചന വകുപ്പ്
8. ശ്രീ. സുരേഷ് കുമാർ എസ്., ചീഫ് എഞ്ചിനീയർ, ആലപ്പുഴ
9. ശ്രീ. രാജേഷ് സി. റ്റി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
10. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ, ISW Cell (Inter State Water Cell) ജലസേചന വകുപ്പ്
11. ശ്രീമതി ശോഭ കെ.എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വർക്സ്), O/o. ചീഫ് എഞ്ചിനീയർ (ഐ. & എ.), ജലസേചന വകുപ്പ്, തിരുവനന്തപുരം
12. ശ്രീ. കൃഷ്ണൻ റ്റി., സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്- I, ജലസേചന വകുപ്പ്, കോഴിക്കോട്
13. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട് - II, ജലസേചന വകുപ്പ്
14. ശ്രീ. വി. ആർ. അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ്
15. ശ്രീ. എ. ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

16. ശ്രീ. കെ. എൽ. ഷാജിമോൻ, ഫിനാൻസ് ഓഫീസർ, ഐ. ഡി. ആർ. ബി.

17. ശ്രീ. അജിത് കുമാർ ജി., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. 2018-19-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 1301/സബ്. സി. എ 1/2018/നി.സെ.)

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 19, 22, 26, 27, 29, 30, 31, 35, 36, 37, 38, 40, 41, 42, 48, 49, 50, 54, 56, 57, 58, 59, 61, 62, 63, 64, 65 എന്നിവയിലെ ശിപാർശകളിന്മേൻ ഗവൺമെന്റ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. സമിതിയുടെ 2018-19-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(ഫയൽ നമ്പർ 3248/സബ്. സി. എ 1/2019/നി.സെ).

സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അംഗീകരിച്ചു

3. സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട്.

(ഫയൽ നമ്പർ 3248/സബ്. സി. എ 1/2019/നി.സെ.)

2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 55**

4700-80-800-89 വൻകിടജലസേചനം സംബന്ധിച്ച മൂലധനചെലവ് - ജനറൽ മറ്റ് ചെലവുകൾ - നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി എന്ന ശീർഷകത്തിൽ നിയമസഭാ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ജോലികൾ നടത്തുന്നതിനായി എന്തിനാണ് അധിക തുക ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി എസ്റ്റിമേറ്റ് തുകയേക്കാൾ അധിക തുക ആവശ്യമായി വരുന്ന പ്രവൃത്തികൾക്ക് വേണ്ടിയാണ് തുക ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട്-II അറിയിച്ചു. തുടർന്ന്, അധികമായി ആവശ്യമായി വരുന്ന തുക ബന്ധപ്പെട്ട സാമാജികർ തന്നെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കാറുണ്ട് എന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ അക്കാര്യം പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാം എന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട്- II മറുപടി നൽകി.

നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച ബഹു. സ്പീക്കർ പുറപ്പെടുവിച്ച 12-6-2019-ലെ റൂളിംഗ് സമിതി പരിഗണിച്ചു. ആക്ട് നിലവിൽ വന്നിട്ടും അതിന്മേൽ ചട്ടം രൂപീകരിക്കാത്തതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ഒരു യോഗം ചേരേണ്ടതുണ്ടെന്ന് സമിതി തീരുമാനിച്ചു ചട്ടം രൂപീകരിക്കാനുള്ളവയുടെ ലിസ്റ്റ് അടിയന്തരമായി ബന്ധപ്പെട്ട വകുപ്പുകൾ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട് അടുത്ത യോഗം 10-7-2019-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാനും 25-7-2019-ന് കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശം സന്ദർശിക്കാനും സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 10-7-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-III, 2019 ജൂലൈ മാസം 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ "3 സി" സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. ജി. എസ്. ജയലാൽ, "
3. ശ്രീ. കെ. ജെ. മാക്സി, "

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ശ്രീ. പി. ടി. എ. റഹീം, "
6. ശ്രീ. പി. ടി. തോമസ്, "

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി.കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ.കെ.വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബി. അശോക്, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. വിജയകുമാർ റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. സബിൻ സമീദ്, ജോയിന്റ് കമ്മീഷണർ (ഇൻ-ചാർജ്ജ്), റവന്യൂ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ.ഡി.ആർ.ബി.), ജലസേചന വകുപ്പ്
7. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II) ജലസേചന വകുപ്പ്
8. ശ്രീ. എസ്. തിലകൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) കോഴിക്കോട്, ജലസേചന വകുപ്പ്
9. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ (ഐ. &എ.) ജലസേചന വകുപ്പ്
10. ശ്രീ. വി. എസ്. ഷാജി, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) ജലസേചന വകുപ്പ്
11. ശ്രീ. സുരേഷ് കുമാർ എസ്., ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
12. ശ്രീ. ശ്രീകുമാർ എം., ചീഫ് എഞ്ചിനീയർ, (HRD&GL) ജലസേചന വകുപ്പ്
13. ശ്രീ. രാജേഷ് സി. റ്റി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

14. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ, ISW Cell (Inter State Water Cell) ജലസേചന വകുപ്പ്

15. ശ്രീ. രവീന്ദ്രൻ റ്റി., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

16. ശ്രീ. അജിത്കുമാർ എൻ., അസിസ്റ്റന്റ് ഡയറക്ടർ, ISW Cell (Inter State Water Cell), ജലസേചന വകുപ്പ്

17. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, O/o ചീഫ് എഞ്ചിനീയർ (ഐ. &എ.)

18. ശ്രീ. എ. ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.

ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019 ലെ റൂളിംഗിലെ ചട്ട നിർമ്മാണം സംബന്ധിച്ച നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് സമിതി ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും, റിപ്പോർട്ടുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിലെ നിർദ്ദേശങ്ങൾ

(ഫയൽ നമ്പർ 3549/സബ്. സി. എ 1/2019/നി.സെ.)

നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകൾ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ 2019 ജൂൺ 12-ാം തീയതി പുറപ്പെടുവിച്ച റൂളിംഗിന്റെ അടിസ്ഥാനത്തിൽ ജലവിഭവവകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു.

(i) <u>പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ട് 2009</u>

പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ടിന് അനുസൃതമായിട്ടുള്ള ചട്ട രൂപീകരണം സംബന്ധിച്ച്, എല്ലാ നദികൾക്കും പൊതുവായി ഒരു റിവർബേസിൻ അതോറിറ്റി രൂപീകരിക്കണമെന്ന് നയപരമായ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പമ്പാ നദിക്ക് മാത്രമായി ഒരു റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്ന ചട്ടവുമായി മുന്നോട്ട് പോകേണ്ടതില്ലെന്നാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു.

എല്ലാ നദികൾക്കും പൊതുവായി അതോറിറ്റി രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട ചെയർമാൻ അഭിപ്രായപ്പെട്ടപ്പോൾ ആയതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു

(ii) 1986 -ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട്

ടി ആക്ടമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി എല്ലാ ചട്ടങ്ങളും രൂപീകരിച്ചിട്ടില്ലായെന്നും, കേരള വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുവാനുണ്ടെന്നും, ആയതിന്റെ കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രസ്തുത റൂൾസിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടെക്നിക്കൽ സ്റ്റാഫിന്റെ പ്രൊമോഷൻ, സർവ്വീസുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നതെന്നും യോഗ്യത, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് തർക്കമുണ്ടായതിനാൽ നിരവധി ചർച്ചകൾ നടത്തുകയും, കൂടുതൽ സമയമെടുത്ത് എല്ലാവരുടെയും അഭിപ്രായം ആരായുകയും ചെയ്തതിനുശേഷമാണ് കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

(iii) 2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും ആക്ട്

2003-ലെ കേരള ജലസേചനവും, ജല സംരക്ഷണവും ആക്ടിലെ ഭേദഗതി യ്ക്കനുസൃതമായി റൂൾസിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി ജലാശയത്തിലും മറ്റും മാലിന്യം തള്ളുന്നതിനുള്ള ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതിയാണതെന്നും, ഇറിഗേഷൻ ഓഫീസറുടെ അധികാരങ്ങളെ സംബന്ധിച്ച് ആക്ടിൽ പറയുന്നുണ്ടെങ്കിലും, പോലീസിന് നേരിട്ട് കേസെടുക്കാവുന്നതും ഇറിഗേഷൻ ഓഫീസർക്ക് പ്രത്യേക പ്രാധാന്യം ഇല്ലാത്ത രീതിയിലും ആക്ട് നിലനിൽക്കുന്നതിനാൽ ഇതു സംബന്ധിച്ച് ഗവൺമെന്റിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. ഇറിഗേഷൻ ഓഫീസറെ പോലീസ് ഓഫീസർക്ക് തുല്യമായാണോ ആക്ടിൽ പറഞ്ഞിരിക്കുന്നത് എന്നത് വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടപ്പോൾ "Irrigation officer shall be deemed to be an officer in charge of Police Station" എന്നാണ് ആക്ടിൽ പറഞ്ഞിരിക്കുന്നതെന്ന് ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. സി.ആർ.പി.സി. അനുസരിച്ച് ഒരു പോലീസ് ഓഫീസർക്കുള്ള എല്ലാ അധികാരവും ഇറിഗേഷൻ ഓഫീസർക്ക് ഉണ്ടെന്നാണോ പറയുന്നത് എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി എല്ലാ അധികാരവും നൽകിയിട്ടില്ലെന്നും ചില പ്രത്യേക കാര്യങ്ങൾക്ക് പോലീസിന്റെ അധികാരം ഉപയോഗിക്കാമെന്നും നദികളിൽ മാലിന്യം നിക്ഷേപിച്ചാൽ പോലീസ് ഓഫീസറെ സമീപിക്കാതെ തന്നെ ഇറിഗേഷൻ ഓഫീസർക്ക് നേരിട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള അധികാരമുണ്ടെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ഇക്കാര്യത്തിൽ പോലീസ് ഓഫീസറുടെ അധികാരം ഇറിഗേഷൻ ഓഫീസർക്കും ഉപയോഗിക്കാവുന്നതേയുള്ളുവെന്നും ചില കേസുകളിൽ റവന്യൂ - വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പോലീസ് ഓഫീസറുടെ അധികാരം ഉപയോഗിക്കാവുന്നതാണെന്നും മഹസ്സർ തയ്യാറാക്കാനും കനാൽ മലിനമാകുന്ന

തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ജലവിഭവവകുപ്പ് ഉദ്യോഗസ്ഥനതന്നെ കോടതിയിൽ കേസ് ഫയൽ ചെയ്യാനും സാധിക്കുമെന്ന അർത്ഥത്തിലാണ് ആക്ടിൽ പറഞ്ഞിരിക്കുന്നതെന്നും ജലവിഭവവകുപ്പ് സെക്രട്ടറി അറിയിച്ചപ്പോൾ ഇത്തരം കേസുകൾ കൈകാര്യം ചെയ്യാനുള്ള അധികാരം ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കാണുള്ളതെന്നും, പോലീസ് വകുപ്പിൽ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) കൂട്ടിച്ചേർത്തു.

ഇക്കാര്യത്തിൽ തങ്ങളുടെ അധികാരം ഇറിഗേഷൻ ഓഫീസർമാർക്ക് കൊടുത്തിട്ടുണ്ടെന്ന് പോലീസ് ഉദ്യോഗസ്ഥർ പറയാൻ സാധ്യതയുള്ളതിനാൽ ആദ്യ നടപടി ആരുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നതിനെക്കുറിച്ച് വ്യക്തത വരുത്തണമെന്നും 2018-ലെ നിയമത്തിൽ വന്ന ഭേദഗതികൾ റൂൾസിൽ വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടോയെന്നും സമിതി ആരാഞ്ഞതിന് മറുപടിയായി റൂൾസിൽ മാറ്റം വേണമെന്ന് വകുപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ലായെന്നും, പ്രസ്തുത വിഷയം ഇപ്പോൾ ചർച്ചയ്ക്ക് വന്ന സ്ഥിതിക്ക് മാറ്റം വേണമോയെന്ന കാര്യം പരിശോധിക്കാമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു.

നദികളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കുന്നവർക്കെതിരെ ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥന് നേരിട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള അധികാരം നൽകുന്ന ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ടോയെന്ന കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ അടിയന്തിരമായി ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

(iv) <u>2002 -ലെ കേരള ഭൂജലം (നിയന്ത്രണവും, ക്രമീകരണവും) ആക്ട്</u>

2002-ലെ കേരള ഭൂജലം (നിയന്ത്രണവും, ക്രമീകരണവും) ആക്ടിന്മേൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഇനിയും ചട്ടങ്ങൾ രൂപീകരിക്കാനുള്ളവ സംബന്ധിച്ച് സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

## II. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 25-7-2016, 8-8-2016 എന്നീ തീയതികളിലെ യോഗനിർദ്ദേശം - അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 2419/സബ്. സി. എ 1/2017/നി.സെ.)

### ശിപാർശ നമ്പർ 3

ഗേജിംഗ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ നിയമനത്തിൽ റൊട്ടേഷൻ സമ്പ്രദായം, പ്രത്യേക ആനുകൂല്യങ്ങൾ എന്നിവ നടപ്പിലാക്കണമെന്നും 2 മാസം കൃത്യമായി ഗേജിംഗ് നടത്തിയാൽ സംസ്ഥാനത്തിന് 30 കോടി രൂപ ലാഭിക്കാൻ

സാധിക്കുമെന്നും, ഗേജിംഗ് സ്റ്റേഷനുകളിൽ ആവശ്യമുള്ള തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്മേൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി നിലവിൽ കൃത്യമായി ഗേജിംഗ് നടക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന് മറുപടിയായി ദിവസ വേതന നിരക്കിൽ ഗേജ് റീഡേഴ്സിന്റെ സേവനം കൂടി പ്രയോജനപ്പെടുത്തി ഇപ്പോൾ കൃത്യമായി ഗേജിംഗ് നടത്തുന്നുണ്ട് എന്ന് ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. താൽക്കാലിക ജീവനക്കാരെ ഗേജിംഗിനായി നിയോഗിക്കുന്നതിലും നല്ലത് ഓവർസിയർമാരെ നിയോഗിക്കുന്നതാണെന്നും അന്തർ സംസ്ഥാന നദീജല കരാറിന്റെ അടിസ്ഥാനത്തിൽ നമുക്കുണ്ടാകുന്ന കോടിക്കണക്കിന് രൂപയുടെ നഷ്ടം പല നിയമസഭാ കമ്മിറ്റികളും ചർച്ചചെയ്തിട്ടുള്ളതാണെന്നും അന്നത്തെ നിർദ്ദേശങ്ങൾ ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്നും ജലസേചന വകുപ്പിൽ എത്ര ജീവനക്കാർ അധികം ഉണ്ടെന്നും work study നടത്തി ജോലിഭാരം കുറഞ്ഞവരെ എങ്ങനെ പുനർ വിന്യാസിക്കാമെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇക്കാര്യം പരിശോധിക്കാമെന്നും ഗേജിംഗ് ജോലികൾക്ക് ആവശ്യമുള്ള 68 പേരെ മറ്റ് യൂണിറ്റുകളിൽ നിന്ന് കണ്ടെത്തുന്നതിന് തടസ്സമില്ലെന്നും അതിനെപ്പറ്റി ഗവൺമെന്റിന് ഒരു റിവ്യൂ എടുക്കാവുന്നതേയുള്ളൂയെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു

സമിതിയുടെ 25-7-2016, 8-8-2016 തീയതികളിലെ യോഗനിർദ്ദേശ പ്രകാരം ഗേജിംഗ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തിയിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് ആഗസ്റ്റ് മാസത്തിൽ തന്നെ മുഴുവൻ ജീവനക്കാരുടെയും ഒഴിവ് നികത്തിയിരുന്നുവെന്നും അതിനുശേഷം വന്ന ഒഴിവുകളാണ് ഇപ്പോഴുള്ളതെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) മറുപടിയായി അറിയിച്ചു. ഗേജിംഗ് പോയിന്റുകളിൽ വരുന്ന ഒഴിവുകൾ ഒഴിച്ചിടാൻ പാടില്ലായെന്നും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ആളിയാർ, നീരാർ എന്നിവിടങ്ങളിലെ ബുദ്ധിമുട്ടുള്ള ഗേജിംഗ് പോയിന്റുകളിലെ ജീവനക്കാർക്ക് അലവൻസ് നൽകുന്നതും മറ്റു സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതും അവരുടെ ജോലി കൂടി പരിഗണിച്ചാകണമെന്നും വാഹന സൗകര്യം ആവശ്യമുണ്ടെങ്കിൽ ലഭ്യമാക്കണമെന്നും ഗേജിംഗ് കൃത്യമായി നടന്നില്ലെങ്കിൽ സംസ്ഥാനത്തിന് വലിയ നഷ്ടമാണ് വരുന്നതെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഓരോ മണിക്കൂറിലും ഗേജിംഗ് നടത്തേണ്ട സ്ഥലങ്ങളിൽ പ്രത്യേകം ആളുകളെ നിയോഗിക്കണമെന്നും അല്ലാതെയുള്ളവയിൽ രണ്ടോ മൂന്നോ സ്ഥലങ്ങൾ വീതം ഒരാൾക്ക് കൊടുത്താലും കുഴപ്പമില്ലായെന്നും അഭിപ്രായപ്പെട്ട സമിതി, ഓരോ മണിക്കൂറും ഗേജിംഗ്

നടത്തുന്ന എത്ര സ്റ്റേഷനുകളുണ്ടെന്ന് ആരാഞ്ഞപ്പോൾ അത് സംബന്ധിച്ച് പരിശോധിക്കുന്നുണ്ടെന്ന് ചീഫ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ മറുപടി പറഞ്ഞു. സമിതിയുടെ അടുത്ത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

തുടർന്ന്, അൺകൺട്രോൾഡ് ഫ്ളഡ് വാട്ടർ കണക്കാക്കുന്നത് ഗേജിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് നിരീക്ഷിച്ച സമിതി, അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ വന്നിട്ടുണ്ടോയെന്ന് ആരായുകയും 68 സ്റ്റേഷനുകളും ഗേജിംഗ് നടത്തുന്നത് സംബന്ധിച്ച വിവരങ്ങളും സമിതിക്ക് ലഭ്യമാക്കണമെന്നും ഇന്റർ സ്റ്റേറ്റ് ഗേജിംഗുമായി ബന്ധപ്പെട്ട് ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി സമിതിയ്ക്ക് ലഭിക്കണമെന്നും ഇതിന്റെ ചാർജ്ജുള്ള ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടീം 68 ഗേജിംഗ് പോയിന്റുകളും സന്ദർശിച്ച് ഒന്നര മാസത്തിനുള്ളിൽ സന്ദർശനം പൂർത്തിയാക്കി ഗേജിംഗ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു

കൂടാതെ, ഗേജിംഗ് സമ്പ്രദായം digitize ചെയ്ത് ദിവസേനയുള്ള റീഡിംഗ് തൽസമയം വകുപ്പ് സെക്രട്ടറിയുടെ ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ റിപ്പോർട്ടിംഗ് സംവിധാനം നടപ്പാക്കണമെന്നും ഇപ്പോൾ തമിഴ്നാട് കോണ്ടൂർ കനാലിന്റെ ഉയരം രണ്ടടി കൂട്ടിയിട്ടുണ്ടെന്നും അതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട ഫ്ളഡ് വാട്ടറിൽ ഇപ്പോൾ കുറവ് വന്നിരിക്കുകയാണെന്നും അതിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയാൽ മാത്രമെ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ ഇക്കാര്യങ്ങൾ ഉന്നയിക്കാൻ സാധിക്കുകയുള്ളുയെന്നും ഇതുമായി ബന്ധപ്പെട്ട് ഗേജിംഗ് സംബന്ധിച്ച കണക്കുകളെല്ലാം സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു

ചീഫ് എഞ്ചിനീയർ ഗേജിംഗ് പോയിന്റുകൾ സന്ദർശിക്കുമ്പോൾ അപ്പർ നീരാർ, ലോവർ നീരാർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിയോഗിച്ചിരിക്കുന്ന ജീവനക്കാരുടെ അസൗകര്യങ്ങൾ എന്തെല്ലാമാണെന്നും അവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് കൂടുതലായി വേണ്ടതെന്നും പരിശോധിച്ച് അയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അന്തർ സംസ്ഥാന നദീജല കരാറുകളിലെ പാട്ടത്തുക 1985-ൽ പുതുക്കേണ്ടതായിരുന്നുവെങ്കിലും പതുക്കിയിട്ടില്ലായെന്ന് സമിതി അഭിപ്രായപ്പെടുകയും, അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അവശ്യപ്പെടുകയും ചെയ്തപ്പോൾ ഇന്റർ സ്റ്റേറ്റ് വാട്ടറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്കും, വകുപ്പ് മന്ത്രിമാർക്കും സമർപ്പിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിലുള്ള യോഗത്തിൽ അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു . തുടർന്ന് അത്തരം വിവരങ്ങൾ സമിതിക്ക് കൂടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## ശിപാർശ നമ്പർ 4

## അഡ്ഹോക്ക് കമ്മിറ്റിയുടെ ശിപാർശകൾ

### ക്രമ നമ്പർ 1, 2 & 3

ഒൻപതാം കേരള നിയമസഭയുടെ പറമ്പിക്കുളം - മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് സെക്രട്ടറി തലത്തിൽ പരിശോധിച്ച് നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ അഡ്ഹോക്ക് കമ്മിറ്റിയുടെ 1, 2, 3 നമ്പർ ശിപാർശകളുടെ മറുപടി പരിഗണിച്ച സമിതി പറമ്പിക്കുളം - ആളിയർ നദീജല കരാറുകൾ സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് ആരാഞ്ഞപ്പോൾ 8-5-2019-ൽ കൂടിയ നിയമം, ജലവിഭവം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ബഹുമാനപ്പെട്ട അറ്റോർണി ജനറലിനോട് പി.എ.പി. കരാറിന്റെ നിയമ സാധുത സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ ആരായുവാൻ തീരുമാനമായിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. കൂടാതെ, പി.എ.പി.-യിൽ തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾക്കെതിരേ സുപ്രീം കോടതിയിൽ കേരള സർക്കാർ ഫയൽ ചെയ്ത ഒ.എസ്. തുടരണമോയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അറ്റോർണി ജനറലുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും പാർലമെന്റ് സെഷൻ കഴിഞ്ഞാൽ ഉടൻതന്നെ ചർച്ചക്കായി സമയം അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട അറ്റോർണി ജനറൽ സമ്മതിച്ചിട്ടുണ്ടെന്നും ഒരു മാസത്തിനകം ചർച്ചകൾ നടത്തി ഒരു തീരുമാനമെടുക്കാൻ സാധിക്കുമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. അറ്റോർണി ജനറലിനോടും മറ്റ് അഭിഭാഷകരോടും ശരിയായി കാര്യങ്ങൾ ബോധ്യപ്പെടുത്താൻ നമ്മുടെ ഉദ്യോഗസ്ഥർക്ക് കഴിയണമെന്നും ഒരു ഭാഗത്ത് കരാർ പുതുക്കണമെന്ന് പറയുമ്പോൾ മറുഭാഗത്ത് കരാർ പ്രകാരമുള്ള വെള്ളം വാങ്ങിയെടുക്കാൻ സാധിക്കുന്നില്ലായെന്നതാണ് യഥാർത്ഥ പ്രശ്നമെന്നും കരാർ പ്രകാരമുള്ള വെള്ളം ലഭിക്കേണ്ടതിനെക്കുറിച്ച് കഴിഞ്ഞ അറുപത് കൊല്ലമായി ഉന്നയിക്കാതിരുന്നിട്ട് ഇപ്പോഴാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ ഉന്നയിച്ചതെന്നും വാട്ടർ റെഗുലേഷൻ ബോർഡിനാണ് വെള്ളം സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള അധികാരമെന്നും പക്ഷെ ഇതുവരെ അത് ഉപയോഗിച്ചിട്ടില്ലായെന്നും തമിഴ്നാട് തരുന്ന വെള്ളം നമ്മൾ വാങ്ങുക മാത്രമാണ് ചെയ്യുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. പി.എ.പി. കരാർ ലംഘനങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത ഹർജിയിൽ വൈദ്യുതോല്പാദന രംഗത്തും കാർഷിക മേഖലയിലുമായി 56 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരിക്കുന്നത് എങ്ങനെയാണെന്നും എത്ര ടി.എം.സി. ജലം നഷ്ടമായെന്നും ആരാഞ്ഞ സമിതി നഷ്ടം സംബന്ധിച്ച തുക കണക്കാക്കിയതിന്റെ കൃത്യതയെപ്പറ്റി സംശയം പ്രകടിപ്പിക്കുകയും ആയത് സംബന്ധിച്ച് കൃത്യമായി പരിശോധിച്ച് അടുത്ത സമിതി യോഗത്തിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

### ക്രമ നമ്പർ 4

ആനമലയാറിലെ ജലം വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച വ്യവസ്ഥ കരാറിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, ഈ വിഷയത്തിൽ സ്വീകരിച്ച നിലപാട് എന്താണെന്നും ഇടമലയാർ പദ്ധതി പൂർത്തിയാക്കിയാൽ കരാർ പ്രകാരമുള്ള ജലം തമിഴ്നാടിന് നൽകേണ്ടിവരുന്നത് സംബന്ധിച്ചും വകുപ്പിനോട് ആരാഞ്ഞു. വാട്ടർ അതോറിറ്റിയിലേയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും രണ്ടര ടി.എം.സി. ജലം ഡൈവർട്ട് ചെയ്യുകയാണെങ്കിൽ കെ.എസ്.ഇ.ബി.-ക്കും, കേരള വാട്ടർ അതോറിറ്റിക്കും ഉണ്ടാകുന്ന ഇംപാക്ട് സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. കൂടാതെ ഇടമലയാർ പദ്ധതിയുടെ കനാൽ സിസ്റ്റവും മറ്റും പൂർത്തിയായിട്ടില്ലായെന്ന വിവരം ജലവിഭവ വകുപ്പ് സെക്രട്ടറിയും അറിയിച്ചു.

അഡ്ഹോക്ക് കമ്മിറ്റിയുടെ 5 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് അടുത്ത യോഗത്തിൽ വിശദമായി ചർച്ച ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

### ശിപാർശ നമ്പർ 5

മൂലത്തറ വലതുകനാൽ പ്രദേശത്ത് പി.എ.പി. കരാർ പ്രകാരം 20,000 ഏക്കർ ഭൂമി മാത്രമേ കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്നുള്ളൂയെന്നും ഇതു സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭ്യമാക്കിയ നോട്ടിൽ 30,000 ഹെക്ടർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിന്റെ വ്യക്തമായ വിവരങ്ങൾ നൽകണമെന്നും സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കേരളത്തിലെ വാട്ടർ അതോറിറ്റിയുടേയും കുപ്പിവെള്ള കമ്പനികളുടേയും നാട്ടിൻ പുറത്തെ കിണറുകളിലേയും വെള്ളം ടെസ്റ്റ് ചെയ്യുന്നതിന് ധാരാളം ലാബുകൾ ഗവൺമെന്റിന്റെ കീഴിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം ലാബുകളിലും അനലിറ്റിക്കൽ ലാബിലും നടത്തുന്ന പരിശോധനകളുടെ ഗുണനിലവാരം വിലയിരുത്തേണ്ടത് വളരെ അത്യാവശ്യമാണെന്നും വിൽപ്പനക്കായി ലഭ്യമാക്കിയിരിക്കുന്ന വെള്ളമെടുത്തല്ല പരിശോധന നടത്തുന്നതെന്നും പകരം കുപ്പിവെള്ള കമ്പനികൾ നൽകുന്ന വെള്ളം പരിശോധിച്ചാണ് അതിന്റെ ഗുണനിലവാരം അളക്കുന്നതെന്നും സ്കൂൾ തുറക്കുന്നതിനുമുമ്പ് കുട്ടികൾക്ക് നൽകുന്ന വെള്ളം ടെസ്റ്റ് ചെയ്യണമെന്നൊരു നിയമമുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമായി അത് നടക്കുന്നില്ലായെന്നും ഹരിത കേരളം മിഷന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലേയും ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള ലാബുകൾ സജ്ജീകരിക്കുന്നതിനായി ഒരു പ്രൊപ്പോസൽ മുന്നോട്ട്

വച്ചിരുന്നെങ്കിലും അതിന്മേൽ തീരുമാനമായിട്ടില്ലായെന്നും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് സെപ്റ്റേജിൽ നിന്ന് പുറത്തേക്ക് വിടുന്ന മാലിന്യം സംബന്ധിച്ച് പരിശോധിക്കുകയെന്നത് എന്നും സെപ്രേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം സൂക്ഷ്മമായി പരിശോധിക്കണം എന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയങ്ങൾ പിന്നീട് വിശദമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു

കാസർഗോഡ് ജലപാതയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും 2020 മാർച്ചിൽ പ്രസ്തുത ജലപാത കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ പുരോഗതി സംബന്ധിച്ചും സമിതി ആരാഞ്ഞതിന് മറുപടിയായി മേൽ പറഞ്ഞ സമയത്തിനുള്ളിൽ എല്ലാ ജോലികളും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് അറിയിച്ചു. പ്രസ്തുത ജലപാതയുടെ ഭാഗമായുള്ള കനാലിന്റെ വശങ്ങളിൽ കരിമണൽ ഖനനം നടക്കുന്നത് സംബന്ധിച്ചും അവിടെ നടക്കുന്ന ഡ്രെഡ്ജിംഗ് സംബന്ധിച്ചും അതുതടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു

തുടർന്ന് കോവളം കാസർഗോഡ് ജലപാതയുടെ നിർമ്മാണ പുരോഗതി സമിതി ചർച്ച ചെയ്തു. 2020 മാർച്ചിൽ ആയത് കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതായും ഉദ്യോഗസ്ഥർ ബോധിപ്പിച്ചു. ടി.എസ്. കനാലിൽ നടക്കുന്ന ഡ്രഡ്ജിംഗ് പരിശോധിച്ച് തടയണമെന്ന് സമിതി നിർദ്ദേശിച്ചു. വർക്കല തുരങ്കത്തിന്റെയും കനോലി കനാലിന്റെയും നിലവിലെ അവസ്ഥ എന്താണെന്നും, ശിവഗിരിയിലും അനുബന്ധപ്രദേശങ്ങളിലും നടക്കുന്ന കൈയ്യേറ്റങ്ങൾക്കെതിരേ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും സമിതി ആരാഞ്ഞു. വർക്കല തുരങ്കവും കനോലി കനാലും ക്ലീൻ ചെയ്തുവരികയാണെന്നും കൈയ്യേറ്റക്കാരെ life mission വഴി rehabilitate ചെയ്യാൻ proposal നൽകിയിട്ടുണ്ടെന്നും സി.ഇ. വ്യക്തമാക്കി. കോഴിക്കോട് കനോലി കനാലിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരേ നോട്ടീസ് നൽകി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു .

ടി വിഷയങ്ങളിന്മേൽ ചർച്ച നടത്തുന്നതിന് ഒരു യോഗം ചേരണമെന്ന് സമിതി തീരുമാനിച്ചു

## III. 20-9-2016-ലെ യോഗ നിർദ്ദേശം - അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 2892/സബ്.സി.എ/2017/നി.സെ.)

ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചു .

25-7-2019-ന് കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.20-ന് അവസാനിച്ചു.

## 25-7-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2019 ജൂലൈ 25-ാം തീയതി, വ്യാഴാഴ്ച രാവിലെ 11 മണിക്ക് തെന്മല ഡാം ഐ.ബി.-യിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.
2. ശ്രീ പി.ടി.എ. റഹിം, "

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അബ്ദുൽ നാസർ. ബി., ജില്ലാ കളക്ടർ, കൊല്ലം
2. ശ്രീ. റ്റി.ജി. സെൻ, ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ്
3. ശ്രീ. വി.എസ്. ഷാജി, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ജലസേചന വകുപ്പ്
4. ശ്രീ. ബി. രാധാകൃഷ്ണൻ, ആർ.ഡി.ഒ., പുനലൂർ
5. ശ്രീ. സെബി ജോസഫ് പേടയിൽ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കൊല്ലം
6. ശ്രീമതി ശ്രീലത കുഞ്ഞമ്മ എം.പി., ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, കൊല്ലം
7. ശ്രീ. സാബു. എ.ഇ.,പി.ആർ.ഡി.
8. ശ്രീ. സുനിൽരാജ്. ജി., ഇ.ഇ., എൽ.ബി. ഡിവിഷൻ, കൊല്ലം
9. ശ്രീ. മുഹമ്മദ് ബഷീർ, ഇ.ഇ., ആർ.ബി. ഡിവിഷൻ 2, കൊട്ടാരക്കര
10. ശ്രീ. ഉണ്ണികൃഷ്ണൻ.ജി., ഇ.ഇ., ഇറിഗേഷൻ (വർക്ക്സ്), പി II, തിരുവനന്തപുരം
11. ശ്രീ. ആർ. ശിവപ്രസാദൻ പിള്ള, എസ്.ഇ., കെ.ഐ.പി.(ആർ.ബി.) സർക്കിൾ, കൊട്ടാരക്കര

12. ഡോ. ആദർശ് എസ്., അസോസിയേറ്റ് പ്രൊഫസർ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം

13. ഡോ. മുഹമ്മദ് സിദ്ദിഖ് എ., അസിസ്റ്റന്റ് പ്രൊഫസർ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം

14. പ്രൊഫ. അതുൽ എം.മധു., അസിസ്റ്റന്റ് പ്രൊഫസർ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം.

സമിതി രാവിലെ 10.35-ന് തെന്മല ഡാമിന്റെ ലുക്കൗട്ട് പോയിന്റിലെത്തി ഇടതുകര വലതുകര കനാലുകൾ വീക്ഷിച്ചു.

കനാലിന്റെ ഇരുവശങ്ങളിലും ധാരാളം വൃക്ഷങ്ങൾ നിൽക്കുകയാണെന്നും സംസ്ഥാനത്തെ മുഴുവൻ കനാലുകളുടെ സ്ഥിതിയും ഇങ്ങനെയാണെന്നും വൃക്ഷങ്ങളുടെ വേരുകൾ ഇറങ്ങുന്നതിനാൽ കനാലിന്റെ വശങ്ങളിലുള്ള ബണ്ടുകൾ മുഴുവനും നശിക്കുകയും അതുവഴി ജലനഷ്ടം ഉണ്ടാകുന്നുണ്ടെന്നും നിരീക്ഷിച്ച സമിതി, കനാലിന്റെ തുടക്കത്തിൽ നിന്നും 100 ലിറ്റർ വെള്ളം തുറന്നു വിട്ടാൽ കനാലിന്റെ അവസാനം 30 ലിറ്റർ വെള്ളം പോലും എത്തുകയില്ല എന്നും കനാലുകൾ മെയിന്റയിൻ ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

കൃഷിക്കുവേണ്ടി കൊടുക്കുന്ന വെള്ളത്തിനു പുറമേ ബാക്കി വെള്ളം എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് സമിതി ആരാഞ്ഞപ്പോൾ 20000 ഹെക്ടറോളം നെൽകൃഷിക്ക് വെള്ളം നൽകുന്നുണ്ടെന്നും ബാക്കിയുള്ള വെള്ളം നാണ്യവിളകൾക്ക് നൽകേണ്ടതാണെന്നും അതിനാണ് മൈനർ വാട്ടർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സജ്ജീകരിച്ചിരിക്കുന്നതെന്നും ഡാമിൽ ഇപ്പോൾ ഒരു വാട്ടർ ഡിസ്ട്രിബ്യൂഷനുള്ള ജലം (170 എം.എം. ക്യൂബ്) കരുതൽ ശേഖരമായുണ്ടെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്- II ജലസേചന വകുപ്പ് അറിയിച്ചു.

നാണ്യവിളകൾക്കുവേണ്ടി ഡിസൈൻ ചെയ്തിട്ടുള്ള ഡാമിലെ ജലം അതിനുവേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നും സ്പോട്ട് ഡെലിവറി സിസ്റ്റം ശരിയായ വിധത്തിൽ നടപ്പിലാക്കി ഓരോ കർഷകന്റേയും കൃഷിയിടത്തിൽ വെള്ളം എത്തിക്കണമായിരുന്നുവെന്നും കൃത്യമായ ജലലഭ്യതയുണ്ടെങ്കിൽ മാത്രമേ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് തെന്മല ഡാം ഐ.ബി.-യിൽ സമിതി യോഗം ചേർന്നു.

24-7-2019 തീയതിയായി ബഹു. വനം.മൃഗസംരക്ഷണം-ക്ഷീര- വികസനം-മൃഗശാല വകുപ്പുമന്ത്രി ലഭ്യമാക്കിയ 2611/M(F,A,D&Z)/2019 നമ്പർ കത്തിലെ വിഷയങ്ങൾ സമിതിയിൽ അവതരിപ്പിച്ചു.

ചീഫ് എഞ്ചിനീയർ പ്രോജക്ട്-II തെന്മല ഡാമിനെ കുറിച്ച് ലഘുവിവരണം നൽകുകയും നാണ്യവിളകൾക്ക് ഊന്നൽ നൽകികൊണ്ടാണ് പ്രസ്തുത പ്രോജക്ട് ആരംഭിച്ചിട്ടുള്ളതെന്ന് സമിതിയെ അറിയിക്കുകയും ചെയ്തപ്പോൾ എത്ര ഹെക്ടർ നാണ്യവിളകൾക്കാണ് വെള്ളം കൊടുക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് സമിതി ആരാഞ്ഞു. അതിനു മറുപടിയായി 23000 ഹെക്ടർ നെൽകൃഷിക്കും 30000 ഹെക്ടർ നാണ്യവിളകൾക്കുമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇപ്പോൾ ഏതാണ്ട് 8000 ഹെക്ടർ ക്യാഷ് ക്രോപ്പിന് ജലം നൽകുന്നുണ്ടെന്നും നിലവിൽ എം.സി.എസ്. വർക്കുകൾ പലതും നാശോന്മുഖമായ രീതിയിലാണെന്നും ബഡ്ജറ്റ് പ്രൊവിഷനായി ഓരോ വർഷവും ഏഴ് കോടി രൂപയാണ് ലഭിക്കുന്നതെന്നും പ്രസ്തുത തുക ഉപയോഗിച്ച് അഡീഷണൽ വർക്കുകൾ ചെയ്യാൻ സാധിക്കുന്നില്ലായെന്നും മെയിന്റനൻസ് ചെയ്യാൻ വർഷം തോറും ഏതാണ്ട് ആറ് കോടി രൂപ ചെലവഴിക്കുന്നുണ്ടെന്നും ഡാമിന്റെ ചെലവിനായി 50 ലക്ഷം രൂപയും അനിയന്ത്രിതമായി വരുന്ന വെള്ളം കനാലിലേക്ക് തിരിച്ചുവിടുന്നതിനായി എല്ലാ വർഷവും 50 ലക്ഷം രൂപയും മാറ്റി വയ്ക്കുന്നുണ്ടെന്നും ബഡ്ജറ്റ് അലോക്കേഷൻ ഏഴ് കോടി രൂപയിൽ നിന്നും പത്ത് കോടി രൂപയാക്കണമെന്ന് മുൻവർഷവും സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചില്ലായെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്- II അറിയിച്ചു.

മുൻ സാമ്പത്തിക വർഷം നൽകിയ ഏഴ് കോടി രൂപ എന്തിനെല്ലാമാണ് ചെലവഴിച്ചത് എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി 4.80 കോടി രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട് എന്നും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ കഴിഞ്ഞ വർഷം എഫ്.എസ്. കൊടുത്ത വർക്കുകൾ പലതും ചെയ്യാൻ സാധിക്കാതെ വന്നുവെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഒരു കോടി രൂപയാണ് ബഡ്ജറ്റ് അലോക്കേഷനായി ലഭിച്ചതെന്നും ഇതുപയോഗിച്ച് ഡാം മെയിന്റെയിൻ ചെയ്യാൻപോലും സാധിക്കില്ലെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II അറിയിച്ചു. എക്സ്പെൻഡിച്ചറിന്റെ വിശദാംശത്തെ കുറിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ 4.59 കോടി രൂപയാണെന്നും പല വർക്കുകളും ടെണ്ടർ ചെയ്തെങ്കിലും ഇലക്ഷൻ പെരുമാറ്റച്ചട്ടം കാരണം തുടർ നടപടി സ്വീകരിക്കാൻ സാധിച്ചില്ലായെന്നും എങ്കിലും 25 കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്തിരുന്നെന്നും ഇതുകൂടാതെ എസ്.ഡി.ആർ.എഫ്-ൽ 6.52 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ വർഷം ആവശ്യത്തിന് ബഡ്ജറ്റ് അലോക്കേഷൻ ലഭിക്കാത്തതിനാൽ എസ്.ഡി.ആർ.എഫ് വഴിയാണ് അത്യാവശ്യ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്- II അറിയിച്ചു.

നാണ്യവിളകൾക്ക് കൃത്യമായി വെള്ളം കൊടുക്കാൻ സാധിക്കുന്നുണ്ടോ; എന്തെല്ലാം നാണ്യവിളകളാണ് ഇവിടെ പ്രാധാനമായും കൃഷി ചെയ്യുന്നത് എന്നീ ചോദ്യങ്ങൾക്ക് മറുപടിയായി തെങ്ങ്, കശുവണ്ടി, നിലക്കടല, റബ്ബർ എന്നിവയാണ് പ്രധാനപ്പെട്ട

നാണ്യവിളകൾ എന്ന് പ്രിൻസിപ്പൽ അഗ്രി ഓഫീസർ, കൊല്ലം അറിയിച്ചു. ഏതെല്ലാം നാണ്യവിളകൾക്ക് ജലസേചനം നടത്തുന്നുണ്ട് എന്നും തെങ്ങിന് ജലസേചനം നടത്തുന്നുണ്ടോ എന്നും സമിതി ചോദിച്ചതിന് മറുപടിയായി പൂർണ്ണമായും ജലസേചനം ചെയ്യുന്നില്ല എന്നും ജലവകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ തെങ്ങിന് മാത്രമായി 100 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കണമെന്ന് അറിയിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ അഗ്രി ഓഫീസർ, കൊല്ലം അറിയിച്ചു. തുടർന്ന് ജലസേചനം ചെയ്താൽ നാണ്യവിളകൾക്ക് ഗുണമുണ്ടോ എന്നുള്ളത് ശാസ്ത്രീയമായി പരിശോധിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് ജലസേചനം ചെയ്താൽ കായ്ഫലം വർദ്ധിക്കുമെന്നും ഇവിടെ കൂടുതൽ സ്കാറ്റേഡ് കൃഷിയാണുള്ളതെന്നും തോട്ടങ്ങളായി കൃഷി ചെയ്യുന്നത് കുറവാണെന്നും അതിനാൽ എല്ലായിടത്തും ജലസേചനം നടത്തുന്നത് സാധ്യമാണോയെന്ന് സംശയമാണെന്നും അക്കാര്യം സംബന്ധിച്ച് ചർച്ച നടത്തിയപ്പോൾ 10-20 കർഷകർക്കായുള്ള മൈക്രോ ജലസേചന പ്രോജക്ടിനുള്ള പ്രൊപ്പോസൽ താഴെത്തട്ടിൽ നിന്നും ലഭിച്ചിരുന്നുവെന്നും പക്ഷേ വളരെ കുറച്ചുപേർക്ക് മാത്രമേ അതുകൊണ്ടുള്ള പ്രയോജനം ലഭിക്കുകയുള്ളൂവെന്നും അത് കല്ലട ഇറിഗേഷന്റെ ഭാഗമായല്ല , ഒരു പൊതുവായ പോയിന്റിൽ നിന്നും ജലസേചന സൗകര്യം നൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലാണെന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കൊല്ലം അറിയിച്ചു.

തെന്മല ഡാമിലെ ജലം പൂർണ്ണമായും എങ്ങനെ കൃഷിക്ക് പ്രയോജനപ്പെടുത്താമെന്നത് സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ; ഇപ്പോൾ പച്ചക്കറി ഫ്ളഡ് ഇറിഗേഷനാണോ ചെയ്യുന്നത് എന്നീ സമിതി ചോദ്യങ്ങൾക്ക് മറുപടിയായി ഇറിഗേഷൻ പ്രോജക്ട് പ്രാവർത്തികമായാൽ 700 ഹെക്ടറിൽ വാഴയും 120 ഹെക്ടറോളം വെജിറ്റബിളും അധികമായി കൃഷി ചെയ്യാൻ സാധിക്കുമെന്നും ഇപ്പോൾ കൃഷിക്കാർ അവരവരുടെ സ്ഥലത്തുള്ള മൈനർ ഇറിഗേഷൻ ഉപയോഗിച്ചാണ് നനയ്ക്കുന്നതെന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കൊല്ലം അറിയിച്ചു.

കശുവണ്ടിക്കും കുരുമുളകിനും ജലസേചനം ചെയ്യാറുണ്ടോ; ഈ വിളകൾക്ക് ജലസേചനം ചെയ്താൽ എന്താണ് ഗുണമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നീ സമിതി ചോദ്യങ്ങൾക്ക് മറുപടിയായി കശുവണ്ടിക്കും കുരുമുളകിനും ജലസേചനം ചെയ്യുന്നില്ലായെന്നും മഴക്കാലത്താണ് ഈ വിളകൾ ഇവിടെ കൃഷി ചെയ്യുന്നതെന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കൊല്ലം അറിയിച്ചു

കശുവണ്ടിയും കുരുമുളകും ജലസേചനം ചെയ്താലുള്ള ഗുണം സംബന്ധിച്ചുള്ള സ്പൈസസ് ബോർഡിന്റെയും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോയെന്നും ജലസേചനം നടത്തിയാൽ ഇവയിൽ നിന്നും അധികമായി വിളവ് ലഭിക്കില്ലേയെന്നും സമിതി ചോദിച്ചു തെങ്ങിന് ജലസേചനം നടത്തുന്നത് സംബന്ധിച്ച സമിതി ചോദ്യത്തിന് തെങ്ങ് ഇറിഗേറ്റഡ് വിള ആണെങ്കിലും ഇവിടെയത്

നനയ്ക്കാറില്ല എന്നും ജലസേചനം നടത്തിയാൽ മെച്ചപ്പെട്ട വിളവ് ലഭിക്കും എന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ കൊല്ലം അറിയിച്ചു. കൃഷിവകുപ്പും ജലവിഭവ വകുപ്പും തമ്മിൽ ഏകോപനം ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നമാണിതെന്നും വലിയതുക മുടക്കി ഡാം നിർമ്മിച്ചിട്ടും ആയത് കൊണ്ട് പ്രയോജനമില്ലെന്നും സമിതി വിലയിരുത്തി.

ഡാമിനായി ഏറ്റെടുത്ത സ്ഥലം ആരെങ്കിലും കൈയ്യേറിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി ഏതാണ്ട് 186 ഹെക്ടർ സ്ഥലം ഡാമിനുണ്ടെന്നും കനാലിന്റെ വശങ്ങളിൽ ചില കൈയ്യേറ്റങ്ങളുണ്ടെന്നും കൈയ്യേറ്റങ്ങളിൽ പലതും ഒഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും പിന്മാറേണ്ടതായി വന്നുവെന്നും നോട്ടീസ് നൽകുന്നുണ്ടെന്നും കൈയ്യേറ്റങ്ങൾ ഇല്ലാത്ത ചില പ്രദേശങ്ങളുമുണ്ടെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -II, അറിയിച്ചു. ചിലരെ ഒഴിപ്പിക്കുകയും ചിലരെ ഒഴിപ്പിക്കാതിരിക്കുകയും ചെയ്യാൻ പാടില്ലായെന്നും എല്ലാവരെയും ഒരേ രീതിയിൽ പരിഗണിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൈയേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അത് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഡാമിലെ വെള്ളം ഉപയോഗിച്ച് ഇപ്പോൾ എത്ര ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട് എന്ന ചോദ്യത്തിന് മറുപടിയായി 23000 ഹെക്ടർ കൃഷി ചെയ്യുന്നുണ്ടെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചു.

റബ്ബറിന് വിലയിടിവ് വന്നതിനാൽ ഫ്രൂട്ട് ക്രോപ്പിന് ധാരാളം സാധ്യതയുള്ള സ്ഥലമാണെന്നും അതിലൂടെ നല്ല വരുമാനം ലഭിക്കും എന്നും നിരീക്ഷിച്ച സമിതി ഇവിടെ ആരെങ്കിലും വെജിറ്റബിൾസ് പ്രിസിഷൻ ഫാമിംഗ് നടത്തുന്നുണ്ടോ എന്ന് ആരാഞ്ഞു. അത്തരം ഫാമിംഗ് ആരും തന്നെ നടത്തുന്നില്ല എന്ന് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കൊല്ലം അറിയിച്ചതിനെ തുടർന്ന് വെജിറ്റബിൾ പ്രിസിഷൻ ഫാമിംഗിനുവേണ്ടി കൃഷിക്കാരെ സജ്ജമാക്കണമെന്നും പ്രിസിഷൻ ഫാമിംഗിലേക്ക് മാറിയാലുള്ള ഗുണം വളരെ വലുതാണെന്നും മാവ് ഹൈഡെൻസിറ്റിയിലും അൾട്രാ ഹൈഡെൻസിറ്റിയിലും കൃഷി ചെയ്യാം എന്നും അൾട്രാ ഹൈഡെൻസിറ്റിയിൽ ഒരേക്കറിൽ 650 മാവ് വയ്ക്കാം എന്നും അതിനെ ശാസ്ത്രീയമായി പരിപാലിച്ചാൽ 15 ഏക്കർ മാവ് കൃഷിയിലൂടെ ലഭിക്കുന്ന വിളവ് ലഭിക്കുമെന്നും കൃഷിക്കാരെ ഇതെല്ലാം പഠിപ്പിച്ചെടുക്കണമെന്നും ഇതോടൊപ്പം കൃഷിക്കാർക്ക് ജലസേചനത്തിനുള്ള സൗകര്യവും ചെയ്തുകൊടുക്കണമെന്നും നിർദ്ദേശിച്ചു. പച്ചക്കറി കൃഷി പ്രിസിഷൻ ഫാമിംഗിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കൃഷി ഓഫീസർ ഇതു പരിശോധിക്കണമെന്നും സമിതി തുടർന്ന് നിർദ്ദേശിച്ചു.

എത്ര തുക ഡാമിനായി ചെലവഴിക്കുന്നുവെന്നല്ല എത്രമാത്രം ഫലം ഉണ്ടാകുന്നുവെന്നതാണ് നോക്കേണ്ടതെന്നും ഓരോ കൃഷിക്കും എത്ര ജലം കൊടുക്കുന്നു എന്നുള്ളതിന്റെ കണക്ക് കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും ഡാം നിർമ്മിച്ചതിന്റെ ലക്ഷ്യത്തിലേക്ക് ഇതുവരെ എത്തിയിട്ടില്ലായെന്നും കൃഷിക്കാർക്ക് ഡാം നിർമ്മിച്ചതിന്റെ ഫലം ലഭിച്ചിട്ടില്ലായെന്നും നിരീക്ഷിച്ച സമിതി നാണ്യവിളകൾ ജലസേചനം ചെയ്യുന്നതിന്റെ ഗുണഫലം കൃഷിക്കാരെ ബോധ്യപ്പെടുത്തണമെന്നും എങ്കിലേ കൃഷിക്കാർ ഇതിലേക്ക് വരികയുള്ളൂയെന്നും അഭിപ്രായപ്പെടുകയും കർഷകന്റെ കൃഷിയിടത്തിലേയ്ക്കുള്ള ജലലഭ്യത കാര്യക്ഷമമായി നടപ്പാക്കണം എന്ന് ജലവിഭവ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

കൃഷി വകുപ്പും ജലവിഭവ വകുപ്പും സംയുക്തമായി ചില മേഖലകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും അവിടെ കൃഷി നടത്തുന്നതിനും വെള്ളം എത്തിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II അറിയിച്ചപ്പോൾ നാണ്യവിളകൾക്ക് ജനുവരി മുതൽ മേയ് വരെ വെള്ളം കൊടുക്കാൻ സാധിക്കണമെന്നും എങ്കിലേ അതുകൊണ്ട് ഗുണമുണ്ടാവുകയുള്ളൂവെന്നും അതനുസരിച്ചുവേണം വിതരണത്തിനുള്ള പ്ലാൻ തയ്യാറാക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. മേയ് 15 വരെ വിതരണം നടത്തുന്നുണ്ടെന്നും വേനൽകാലത്ത് വിതരണം ചെയ്യാനാവശ്യമായ ജലം ഡാമിലുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ഫാക്കൽറ്റിസ് അംഗങ്ങളുമായി ഒരു യോഗം ചേർന്നിരുന്നുവെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചതിനെ തുടർന്ന് വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിസ് അംഗങ്ങളുടെയും സാങ്കേതിക അറിവും കൂടി ഉൾപ്പെടുത്തി ജലസേചനവും പ്രസ്തുത കൃഷിയും ഒരുമിച്ച് കൊണ്ടുപോകാമെന്നത് സംബന്ധിച്ച ചർച്ച നടത്തിയിരുന്നുവെന്നും കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ അവിടെ കൃഷി ചെയ്യാനുള്ള വെള്ളം എങ്ങനെ എത്തിക്കാനാകുമെന്നുള്ളത് സംബന്ധിച്ച പ്രാഥമിക ചർച്ചകളാണ് നടത്തിയതെന്നും ടി. കെ. എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നെത്തിയ അധ്യാപകൻ അറിയിച്ചു. കമ്മ്യൂണിറ്റി ഇറിഗേഷൻ ഇപ്പോൾ തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ചെയ്യുന്നുണ്ടെന്നും ജലനിധി മുഖേന 10-30 കൃഷിക്കാർക്ക് ഒരു നിശ്ചിത അളവിൽ ജലം നൽകുന്നുണ്ടെന്നും ആ രീതിയിൽ ഉറവിടം കണ്ടെത്തുന്നതിനും വിതരണം ആരംഭിക്കുന്നതിനും ഗവൺമെന്റ് പണം നൽകുമെന്നും രണ്ടാം ഘട്ടത്തിൽ കൃഷിക്കാരുടെ നേതൃത്വത്തിൽ ഒരു സൊസൈറ്റിയുണ്ടാക്കി അവരെക്കൊണ്ടുതന്നെ അത് പരിപാലിപ്പിക്കണമെന്നും എങ്കിൽ മാത്രമേ ഇത്തരം സംരംഭങ്ങൾ മുന്നോട്ട് പോകുകയുള്ളൂവെന്നും ഇത്തരം രീതികളിൽ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ ഉദ്യോഗസ്ഥർ സന്ദർശിച്ച് ഇവിടത്തെ കൃഷിക്കാരെ ഇത്തരം കാര്യങ്ങളെല്ലാം പഠിപ്പിക്കണമെന്നും കർഷകരിൽ താല്പര്യം ഉണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഉല്പാദനം അനുസരിച്ചുള്ള വിപണനം കൂടിയുണ്ടെങ്കിലേ കൃഷിക്കാർക്ക് ഗുണമുണ്ടാവുകയുള്ളുവെന്ന് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കൊല്ലം സൂചിപ്പിച്ചപ്പോൾ അതിനായി പ്രൊഡക്ഷൻ കലണ്ടർ തയ്യാറാക്കണമെന്നും മാർക്കറ്റിൽ ഡിമാന്റുള്ള സമയത്ത് വിളവെടുപ്പ് നടക്കുന്ന രീതിയിൽ പ്ലാൻ ചെയ്യണമെന്നും അതാണ് പ്രസിഷൻ ഫാമിംഗിലുള്ള ഗുണമെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് ഇത്തരം കാര്യങ്ങളെല്ലാം ചർച്ച ചെയ്യാൻ ഒരു സംയുക്ത യോഗം ചേരാം എന്ന് ചീഫ് എഞ്ചിനീയർ, കൊല്ലം അറിയിച്ചു. അപ്പോൾ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ വിദഗ്ധരെക്കൂടി പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കനാലിന്റെ ചില ഭാഗങ്ങളിൽ കേടുപാട് സംഭവിച്ചിട്ടുണ്ടെന്നും അത് റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കൊല്ലം ആവശ്യപ്പെട്ടപ്പോൾ ഇത്തരം പ്രവൃത്തികളെല്ലാം വേഗത്തിൽ പൂർത്തിയാക്കണമെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

തുടർന്ന് കല്ലട ജലസേചന പദ്ധതി സംബന്ധിച്ച പവ്വർ-പോയിന്റ് അവതരണം നടത്തി

കൃഷി കലണ്ടർപ്രകാരമാണോ ഡാമിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത്; അതോ വൈദ്യുതി ഉല്പാദിപ്പിക്കാനെടുക്കുന്ന വെള്ളം ഉപയോഗിച്ചാണോ കൃഷി നടത്തുന്നത് എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി വേനൽക്കാലത്ത് വൈദ്യുതി ഉല്പാദിപ്പിക്കാനെടുക്കുന്ന വെള്ളമാണ് ജലസേചനത്തിനായി ഉപയോഗിക്കുന്നതെന്നും അല്ലാത്ത സമയങ്ങളിൽ കൃഷി കലണ്ടർ പ്രകാരമാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതെന്നും മഴക്കാലത്ത് നമ്മുടെ ആവശ്യം അനുസരിച്ച് ഇലക്ട്രിസിറ്റി ജനറേറ്റ് ചെയ്യുന്നുണ്ടെന്നും എൽ.ബി.ഡിവിഷൻ, ഇ.ഇ., കൊല്ലം അറിയിച്ചു. ഒപ്പം തെന്മല ഡാമിനെ ആശ്രയിച്ച് ധാരാളം വാഴയും പച്ചക്കറിയും കൃഷി ചെയ്യുന്നുണ്ടെന്നും പക്ഷെ അതിന്റെയൊന്നും അളവ് തിട്ടപ്പെടുത്തിയിട്ടില്ലായെന്നും കൃഷി ആഫീസർമാരുടെ ആവശ്യപ്രകാരം ഡിസംബർ മാസം മുതൽ നെൽകൃഷിക്കായി ഡാമിൽ നിന്നും വെള്ളം നൽകിയിട്ടുണ്ടെന്നും ആവശ്യമനുസരിച്ച് ജൂൺ ആദ്യവാരം വരെയും വെള്ളം നൽകാറുണ്ടെന്നും 2014-ൽ വലിയ വരൾച്ച വന്നപ്പോഴും ഡാമിൽ ആവശ്യത്തിന് വെള്ളമുണ്ടായിരുന്നുവെന്നും ഈ പദ്ധതിയില്ലെങ്കിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 92 പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാകാത്ത സ്ഥിതിയാണുള്ളതെന്നും തെന്മല എക്കോ ടൂറിസം ഡാമിന്റെ റിസർവോയറിന് അനുബന്ധമായാണുള്ളത് എന്നും എൽ.ബി.ഡിവിഷൻ,ഇ.ഇ., കൊല്ലം അറിയിച്ചു.

തെന്മല ടൂറിസവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന് വരുമാനം ലഭിക്കുന്നുണ്ടോയെന്ന സമിതി ചോദ്യത്തിന് മറുപടിയായി ഗേറ്റ് എന്‌ട്രി പാസ് ഇനത്തിൽ ഒരു വർഷം 24 രൂപ വീതം ലഭിക്കുന്നുണ്ടെന്ന് ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം

അറിയിച്ചു. മലമ്പുഴ ഡാം മോഡലിൽ ഇത് ചെയ്യാൻ സാധിക്കില്ലേ എന്ന് സമിതി ചോദിക്കുകയും വിനോദസഞ്ചാര വകുപ്പാണ് എക്കോ ടൂറിസം നടപ്പാക്കിയിട്ടുള്ളത് എന്ന് ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം അറിയിക്കുകയും ചെയ്തു.

കനാലിന്റെ വശങ്ങളിൽ വളർന്നിരിക്കുന്ന കാട് വെട്ടിത്തെളിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനാകില്ലേ എന്ന് ആരാഞ്ഞപ്പോൾ ജലം വിതരണം ചെയ്യുന്ന സീസണിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ജോലി ചെയ്യുന്നുണ്ടെന്നും ചില സ്ഥലങ്ങളിൽ വകുപ്പ് നേരിട്ടും ചെയ്യാറുണ്ടെന്നും ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം മറുപടി പറഞ്ഞു.

നാണ്യവിളകൾക്ക് മൈക്രോ ഇറിഗേഷനിൽ ഗ്രാവിറ്റിയിൽ തന്നെ വെള്ളം കൊടുക്കാനാകുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. 2003-ലെ ആക്ടിൽ ശുദ്ധജലത്തിൽ വേസ്റ്റ് കൊണ്ടിടുന്നവർക്കെതിരെ കേസെടുക്കാൻ ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് ആർക്കെങ്കിലുമെതിരെ കേസെടുത്തിട്ടുണ്ടോയെന്ന് ആരാഞ്ഞപ്പോൾ ഒരു വകുപ്പും ഇത്തരം അധികാരങ്ങൾ ഉപയോഗിക്കാറില്ലായെന്ന് ജില്ലാ കളക്ടർ കൊല്ലം ചൂണ്ടിക്കാട്ടി.

1978-80 കാലഘട്ടത്തിലാണ് ഡാമുമായി ബന്ധപ്പെട്ട പ്രധാന നിർമ്മാണ പ്രവൃത്തികളെല്ലാം നടത്തിയതെന്നും കാലപ്പഴക്കം കൊണ്ട് നശിച്ചുപോയിട്ടുള്ള ചില നിർമ്മാണങ്ങൾ അടിയന്തരമായി റിപ്പയർ ചെയ്യേണ്ടതുണ്ടെന്നും കൊല്ലം ജില്ലയിൽ 1980-ൽ ചെയ്ത അക്വിഡക്ടുകൾ രണ്ടും നശിച്ചിരിക്കുകയാണെന്നും അത് നശിച്ചാൽ 17 കി.മീ. സ്ഥലത്ത് വെള്ളമെത്തിക്കാൻ സാധിക്കാതെ വരുമെന്നും ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം അറിയിച്ചു. പൈപ്പ് ലൈനിട്ടാൽ വെള്ളം കടത്തിവിടാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞു. എസ്.ഡി.ആർ.എഫ്.-ൽ 17 കോടി രൂപയുടെ വർക്കായി ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അക്വിഡക്ട് പുനർ നിർമ്മിച്ചാൽ മാത്രമേ വെള്ളം കടത്തിവിടാൻ സാധിക്കുകയുള്ളുവെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്- II മറുപടി പറഞ്ഞു. അപ്പോൾ ഭൂമിക്കടിയിലൂടെ പൈപ്പ് സ്ഥാപിച്ചാൽ ഇത്രയും ചെലവ് വേണ്ടിവരില്ലായെന്നും ആയത് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. അതിന് മറുപടിയായി അപ്രകാരം ചെയ്താൽ ഇൻസ്പെക്ഷൻ സാധ്യമാകില്ലായെന്ന് ഇ.ഇ., എൽ.ബി. ഡിവിഷൻ, കൊല്ലം അറിയിച്ചു.

ഫാർമേഴ്സ് കമ്മിറ്റിയെപ്പറ്റിയും കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ മൊത്തത്തിലുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ആവശ്യകതയും ചൂണ്ടിക്കാട്ടിയ സമിതി ഡാമിന്റെ സ്റ്റേക്ക് ഹോൾഡേഴ്സിനെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം ചേരണമെന്ന് നിർദ്ദേശിച്ചു

എ. ഐ. ബി. പി. (Accelerated Irrigation Benefits Programme) പ്രകാരമുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ ആയത് കൊടുത്തിട്ടില്ല എന്ന് ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം അറിയിച്ചു. തുടർന്ന് ഡാമിന്റെ ഫെയ്സ് 2 എന്ന നിലയിൽ നിർമ്മിക്കാൻ തീരുമാനിച്ചിരുന്ന കനാലുകൾ ഏത് സാഹചര്യത്തിലാണ് നിർമ്മിക്കാൻ കഴിയാത്തതെന്ന് സമിതി വിലയിരുത്തി. മൈക്രോ ഇറിഗേഷനുവേണ്ടി രണ്ട് പഞ്ചായത്തുകളിലായി 150 ഹെക്ടർ സ്ഥലം കണ്ടെത്തിയിരിക്കുന്നുവെന്ന് ഇ.ഇ., എൽ.ബി.ഡിവിഷൻ, കൊല്ലം അറിയിച്ചപ്പോൾ ഇന്ത്യയിൽ പരീക്ഷണാടിസ്ഥാനത്തിൽ മൈക്രോ ഇറിഗേഷൻ തുടങ്ങിയിട്ടേയുള്ളുവെന്നും നെൽകൃഷിക്ക് മൈക്രോ ഇറിഗേഷൻ ഫലപ്രദമല്ലായെന്നും മൈക്രോ ഇറിഗേഷൻ നാണ്യവിളകൾക്ക് മാത്രമേ ആവശ്യമുള്ളുവെന്നും അഭിപ്രായപ്പെട്ട സമിതി മൈക്രോ ഇറിഗേഷനുവേണ്ടി കണ്ടെത്തിയിട്ടുള്ള 150 ഹെക്ടർ സ്ഥലവുമായി ബന്ധപ്പെട്ട് എവിടെയെല്ലാം ഏതെല്ലാം കൃഷി ചെയ്യാമെന്നത് സംബന്ധിച്ച് കൃഷി ആഫീസറും ഇറിഗേഷൻ ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളുമെല്ലാം കൃഷിക്കാരുമായി ചർച്ച നടത്തണമെന്നും ആദ്യം കൃഷിക്കാരുടെ അസോസിയേഷൻ രൂപീകരിക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതാണെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട് II പറഞ്ഞപ്പോൾ പ്രസ്തുത യോഗം 2019 ആഗസ്റ്റ് 22-ന് ചേരാൻ കഴിയുമെന്ന് ജില്ലാ കളക്ടർ, കൊല്ലം അറിയിച്ചു. ലുക്കൗട്ട് പോയിന്റിന്റെ മെയിന്റനൻസും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തിയ സമിതി ഇതര ഡാമുകളിൽ നിന്ന് വ്യത്യസ്തമായി നാണ്യവിളകൾ ജലസേചനം ചെയ്യുന്നതിനായി നിർമ്മിച്ച ഡാമാണ് തെന്മലയിലേതെങ്കിലും വളരെക്കുറച്ച് ക്യാഷ് ക്രോപ്പിന് ജലസേചനം നടത്തുവാൻ ചെയ്യാൻ മാത്രമാണ് ഈ ഡാമിൽ നിന്നും ജലം ലഭ്യമാക്കുന്നതെന്നും വാട്ടർ അതോറിറ്റി, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഈ പ്രോജക്ടിനെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ പ്രയത്നിക്കേണ്ടതാണെന്നും കൃത്യമായി ജലസേചനം ചെയ്യുകയാണെങ്കിൽ നിലവിലുള്ളതിന്റെ 3-4 ഇരട്ടി ഈൽഡ് വരെ കർഷകർക്ക് ലഭിക്കാനുള്ള സാധ്യതയുണ്ടെന്നും അഭിപ്രായപ്പെട്ടു.

കൂടാതെ, കേരളത്തിലെ എല്ലാ അണക്കെട്ടുകളുടെയും സമീപത്ത് ഭൂകമ്പമാപിനിയും സർവ്വയലൻസ് ക്യാമറയും സ്ഥാപിക്കുന്നതിന് 30 കോടി രൂപയുടെ വർക്കിന്റെ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും തെന്മല ഡാമിന്റെ സമീപത്ത് വെളിച്ച സംവിധാനം കൊണ്ടുവരുന്നതിന് DRIP-ൽ 21 ലക്ഷം രൂപയുടെ പ്രോജക്ട് വച്ചിട്ടുണ്ടെന്നും ഡാം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് ശുചിമുറിയും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിന് മലമ്പുഴ ഡാം മോഡലിൽ ഡി.റ്റി.പി.സി.-യുടെ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനായി 10 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി വരികയാണെന്നും ഡാമുകളിലെ എക്കലും മണലും നീക്കുന്നതിന്റെ പൈലറ്റ് പ്രോജക്ടായി രണ്ട് ഡാമുകൾ (ചുള്ളിയാർ, മംഗലം ഡാം) തെരഞ്ഞെടുക്കുകയും അതിന്റെ നടപടി നടന്നുവരികയാണെന്നും സമിതി ചെയർമാൻ അറിയിച്ചു.

തെന്മല ഡാമിന്റെ ആവശ്യത്തിനായി വാങ്ങിയ റോഡ് റോളറുകൾ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. തെന്മല ഡാമിന്റെ എമർജൻസി ഷട്ടറുകൾ തുരുമ്പെടുക്കാതെ കൃത്യമായി മെയിന്റയിൻ ചെയ്യണമെന്ന് സമിതി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഡാമിന്റെ ഷട്ടറുകളുമായി ബന്ധിപ്പിച്ചിരിക്കുന്ന അയേൺ റോപ്പുകൾ തുരുമ്പു പിടിച്ചിരിക്കുന്നതും വെളിച്ചത്തിനായി സ്ഥാപിച്ചിരിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ തകരാറിലായിരിക്കുന്നതും സമിതിക്ക് ബോധ്യപ്പെട്ടു. ക്വാർട്ടേഴ്സുകളും പരിസരവും കാടുകയറിക്കിടക്കുന്നതും അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമായി കിടക്കുന്നതും പല ക്വാർട്ടേഴ്സുകളുടേയും തടികൊണ്ടുള്ള വാതിലുകളും ജനലുകളും പൊളിച്ചെടുത്തിട്ടുള്ളതായും സമിതി കാണുകയുണ്ടായി. ടി സാധനങ്ങൾ മോഷ്ടിക്കപ്പെട്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് ഇക്കാര്യത്തിൽ പോലീസിൽ പരാതിപ്പെട്ടിരുന്നോ എന്നും എന്തു തുടർ നടപടികൾ സ്വീകരിച്ചു എന്നും ആരാഞ്ഞ സമിതിക്ക് ആയത് സംബന്ധിച്ച് സ്വീകാര്യവും തൃപ്തികരവുമായ ഒരു വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിട്ടില്ല. തുടർന്ന് അക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഇത്രയധികം കാര്യക്ഷമതയില്ലാതെയും നിരുത്തരവാദപരമായും ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വിപുലമായ ഉദ്യോഗസ്ഥ സംവിധാനം നിലനിർത്തേണ്ടതിന്റെ ആവശ്യമുണ്ടോ എന്നകാര്യം പരിശോധിക്കേണ്ടതുണ്ടെന്ന് എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. കൂടാതെ സമിതി കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് ചീഫ് എഞ്ചിനീയർക്ക് (പ്രോജക്ട്- II) നിർദ്ദേശം നൽകുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 1.00 മണിക്ക് സന്ദർശനം അവസാനിച്ചു.

## 4-9-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-III, 2019 സെപ്തംബർ 4-ാം തീയതി, ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.
2. ശ്രീ. ജി. എസ്.ജയലാൽ "
3. ശ്രീ. മോൻസ് ജോസഫ് "
4) ശ്രീ പി.ടി.എ. റഹിം, "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി വി.ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. അശോക്, സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ഡോ. എ. കൗശിഗൻ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
4. ശ്രീ. ഡി. ബിജു, ഡയറക്ടർ ഐ.ഡി.ആർ.ബി., തിരുവനന്തപുരം
5. ശ്രീ. വിജയകുമാർ. റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ. ഗോപകുമാരൻ നായർ ബി., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
7. ശ്രീ. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ.ഡി.അർ.ബി.), ജലസേചന വകുപ്പ്
8. ശ്രീ. റ്റി. ജി. സെൻ, ചീഫ് എഞ്ചിനീയർ, (പ്രോജക്ട് -II) ജലസേചന വകുപ്പ്
9. ശ്രീ. എസ്. തിലകൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് -I), കോഴിക്കോട്, ജലസേചന വകുപ്പ്
10. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ (ഐ.& എ), ജലസേചന വകുപ്പ്
11. ശ്രീ. വി. എസ്. ഷാജി, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ജലസേചന വകുപ്പ്
12. ശ്രീ. സുരേഷ് കുമാർ.എസ്., ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
13. ശ്രീ. ശ്രീകുമാർ.എം., ചീഫ് എഞ്ചിനീയർ (HRD&GL),കേരള വാട്ടർ അതോറിറ്റി
14. ശ്രീമതി ലീനാ കുമാരി എസ്., ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്), കേരള വാട്ടർ അതോറിറ്റി

15. ശ്രീമതി ഷെർളി സെബാസ്റ്റ്യൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, ജലസേചന വകുപ്പ്

16. ശ്രീ. രാജേഷ് സി.റ്റി., സൂപ്രണ്ടിംഗ് എഞ്ചിനീയർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ്

17. ശ്രീ. ശ്യാം ഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (വർക്സ്, പ്രോജക്ട് -I) ജലസേചന വകുപ്പ്

18. ശ്രീ. രജികുമാർ ജെ., ഡെപ്യൂട്ടി സെക്രട്ടറി, ജലവിഭവ വകുപ്പ്

19. ശ്രീ. മുരളി എസ്., ഡെപ്യൂട്ടി സെക്രട്ടറി, ജലവിഭവ വകുപ്പ്

20. ശ്രീമതി ഉമാദേവി എസ്., ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്

21. ശ്രീ. ശിവകുമാർ വി., ഡെപ്യൂട്ടി ഡയറക്ടർ, ഐ.ഡി.ആർ.ബി., തിരുവനന്തപുരം

22. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ ISW Cell (Inter State Water Cell), ജലസേചന വകുപ്പ്

23. ശ്രീമതി ഉമാദേവി എൽ.ഡി., അണ്ടർ സെക്രട്ടറി, ജലവിഭവ വകുപ്പ്

24. ശ്രീ. അജിത്കുമാർ എൻ., അസിസ്റ്റന്റ് ഡയറക്ടർ, ISW Cell (Inter State Water Cell), ജലസേചന വകുപ്പ്

25. ശ്രീ. എസ്.രാജു, സീനിയർ ഫിനാൻസ് ഓഫീസർ O/o. ചീഫ് എഞ്ചിനീയർ (ഐ.&എ.).

സമിതി, താഴെപ്പറയുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി:

1. കേരളത്തിലെ ജലസ്രോതസ്സുകൾ കൃഷിക്ക് അനുയോജ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ

പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, തോട്ടപ്പള്ളി സ്പിൽവേയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്ന തരത്തിൽ സുഗമമായ നീരൊഴുക്കിന് സാധിക്കുന്ന വിധത്തിലും അപ്പർ കുട്ടനാട്ടും ലോവർ കുട്ടനാട്ടും അനുഭവിക്കുന്ന വെള്ളപ്പൊക്കത്തിന് പരിഹാരം എന്ന നിലയിലും തോട്ടപ്പള്ളി സ്പിൽവേയുടെ ജലപാത വീതികൂട്ടുന്നത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് ആരാഞ്ഞു.

തോട്ടപ്പള്ളി സ്പിൽവേയുടെ ജലനിർഗ്ഗമനശേഷി മുഴുവൻ ഉപയോഗപ്പെടുത്തുന്നതിനുള്ള വീതി പ്രധാന ചാനലിനില്ലായെന്നും പ്രധാന ചാനലിന്റെ വീതി കൂട്ടുന്നത് സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ ജനവാസ മേഖലയായതിനാൽ വളരെയധികം ജനങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്ന് കണ്ടതിനാൽ ഒന്ന് രണ്ട് ബൈപ്പാസുകൾ നിർമ്മിച്ച് ജലം പ്രധാന ചാനൽ മുഖേനയല്ലാതെ നേരിട്ട് തോട്ടപ്പള്ളി സ്പിൽവേയിൽ എത്തിക്കാനാകുമോയെന്ന് പരിശോധിക്കുകയാണെന്നും ഹൈഡ്രോഡൈനാമിക് പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകണമെന്നതാണ് നിലവിലെ തീരുമാനമെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചു. ബൈപ്പാസ് ലൈനുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബഹു. ചെയർമാൻ തുടർന്ന് അറിയിച്ചു.

കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് എത്ര ഘട്ടങ്ങളായി പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്നും ഇനി എത്ര ഘട്ടങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും സമിതി ചോദിച്ചതിന് മറുപടിയായി കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയിൽ ഉദ്ദേശിച്ച പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (ഐ. &എ.) അറിയിച്ചു.

300-ഓളം ഏക്കറിൽ നെൽവയലിൽ ഇപ്പോഴും വെള്ളം കെട്ടിനിൽക്കുകയാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ അക്കാര്യം പരിശോധിക്കാം എന്ന് ചീഫ് എഞ്ചിനീയർ (ഐ. &എ.) അറിയിച്ചു.

വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ മെക്കാനിക്കൽ മെയിന്റനൻസിന് ആവശ്യമായ ഫണ്ട് ഏതെങ്കിലും ഹെഡ്ഡിൽ നിന്നും റീ-അപ്രോപ്രിയേറ്റ് ചെയ്യാനാകുമോ എന്നും നിർമ്മാണത്തിലിരിക്കുന്ന കൂട്ടക്കടവ് തടയണ പദ്ധതിയുടെ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ മാർഗങ്ങൾ സംബന്ധിച്ച് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു. നേരത്തെ ഭാഗികമായി കമ്മീഷൻ ചെയ്യുകയും നിലവിൽ അന്തിമഘട്ട ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയെ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് സമിതി ചോദിച്ചതിന് മറുപടിയായി പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡുമായി യോഗം ചേർന്നപ്പോൾ ഒന്നാം റീച്ചിലെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവൃത്തി പൂർത്തിയാക്കി 2020 മാർച്ച് മാസത്തിനുമുമ്പ് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും എന്നാൽ ഇതിന്റെ രണ്ടാം റീച്ചിന്റെയും അഞ്ചാം റീച്ചിന്റെയും പിറവം ഡിസ്ട്രിബ്യൂട്ടറിയുടെ ഒരു റീച്ചിന്റെയും പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിൽ തീർപ്പുകൽപ്പിക്കപ്പെട്ടിട്ടില്ലായെന്നും അത് അനുവദിക്കുന്ന മുറയ്ക്ക് തുക നൽകാമെന്ന് പറഞ്ഞിട്ടുണ്ടെന്നും 2020 മാർച്ച് മാസത്തിനുശേഷം പ്ലാൻ ഫണ്ട് തരാൻ പറ്റാത്ത സ്ഥിതിയാണെന്ന് പ്ലാനിംഗ് ബോർഡ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ

2020 മാർച്ചിൽ തന്നെ പ്രവൃത്തി കമ്മീഷൻ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചു. പ്രസ്തുത പ്രോജക്ട് പൂർണ്ണമായും കമ്മീഷൻ ചെയ്യാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്തു.

ഡാമിലെ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എത്ര പ്രോജക്ടുകളാണുള്ളതെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി മംഗലവും ചുള്ളിയാർ ഡാമുമാണ് പ്രാരംഭ പ്രോജക്ടുകളായി എടുത്തിട്ടുള്ളതെന്നും അതിന്റെ ഭരണാനുമതി അന്തിമഘട്ടത്തിലാണെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്- II അറിയിച്ചു. മംഗലം, ചുള്ളിയാർ ഡാമുകളിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്ന രീതി മറ്റ് ഡാമുകളിലും തുടരണമെന്ന് സമിതി നിർദ്ദേശിച്ചു.

മീനച്ചൽ ആറിൽ മൂന്ന് ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സമിതി ചോദ്യത്തിന് മറുപടിയായി പ്രസ്തുത മൂന്ന് പ്രവൃത്തികളും വർക്കിംഗ് ഗ്രൂപ്പിൽ വച്ചിരുന്നു വെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചു.

കല്ലട ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ ഉദ്ദേശ്യം വിലയിരുത്തിയ സമിതി, പരവൂർ പൊഴിക്കര ചീപ്പ് പാലത്തിനുമുകളിൽ രൂപപ്പെട്ട മണൽതിട്ട മാറ്റുന്നതുമായി ബന്ധപ്പെട്ട് പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

വെള്ളിയാങ്കല്ലിൽ മൂന്ന് റെഗുലേറ്ററും കൂടിച്ചേർന്നുള്ള ഒരു ഓപ്പറേഷനായിരിക്കും നല്ലതെന്നും ഷട്ടർ തുറക്കുന്നതും അടയ്ക്കുന്നതും മലമ്പുഴയിൽ നിന്നും പറമ്പിക്കുളത്തു നിന്നും വരുന്ന വെള്ളം എത്രയാണെന്ന് കൃത്യമായി മനസ്സിലാക്കി വേണമെന്നും പ്രാദേശിക എം.എൽ.എ.-മാരെ കൂടി വിളിച്ച് ഒരു യോഗം ചേർന്ന് ഇതിന്റെ സാധ്യത സംബന്ധിച്ച് പരിശോധിക്കണമെന്നും സ്ഥിരം സംവിധാനമാണെങ്കിൽ അത് നിരീക്ഷിക്കാൻ സാധിക്കുമെന്നും കവണക്കല്ലിൽ മലമ്പുഴ മോഡലാക്കിയാൽ അതിൽ നിന്ന് ലഭിക്കുന്ന തുക അവിടെതന്നെ ഉപയോഗിക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, അടുത്ത സമിതി യോഗത്തിൽ ഡാമുകളുടെ നിലവിലുള്ള ആയക്കെട്ട് എത്രയാണെന്നും യഥാർത്ഥത്തിലുള്ള ആയക്കെട്ട് എത്രയായിരുന്നെന്നും അത് പുനഃസ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്നതു സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

മൈനർ ഇറിഗേഷന്റെ ഒരു പ്രവൃത്തിക്കായി 1.10 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയതെന്നും എന്നാൽ ആ പ്രവൃത്തി പരമ്പരാഗത രീതിയിൽ 6.5 ലക്ഷം രൂപയ്ക്ക് ചെയ്യാൻ സാധിക്കുന്നതരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണെന്നും

ഒഴിച്ചുകൂടാനാകാത്ത സ്ഥലങ്ങളിൽ കോൺക്രീറ്റ് ഉപയോഗിച്ചും മറ്റിടങ്ങളിൽ പരമ്പരാഗത രീതിയിലുള്ള നിർമ്മാണ രീതിയുമാണ് ഉപയോഗിക്കുന്നതെന്നും സമിതി വ്യക്തമാക്കുകയും പ്രസ്തുത ജോലി ഏറ്റെടുക്കുന്നതിനും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള സാങ്കേതിക പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനുമായി ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കണമെന്നും ഇത്തരം സമിതികൾക്ക് പ്രസ്തുത ജോലികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ സാധിക്കുമെന്നും ടി ജോലി ഏറ്റെടുത്ത് ചെയ്യാൻ ആരും മുന്നോട്ട് വരുന്നില്ലെങ്കിൽ സമിതികൾക്ക് തന്നെ അത് ചെയ്യാൻ സാധിക്കുമെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

മുൻകാലങ്ങളിൽ വൻകിട പദ്ധതികളിൽപ്പോലും പ്രധാന കനാൽ ഒഴികെയുള്ളവ മൺകനാലുകളായാണ് നിർമ്മിച്ചിരുന്നതെന്നും മൺകനാലുകൾക്ക് flow velocity നിലനിർത്താൻ കൂടുതൽ ഏര്യാ ആവശ്യമാണെന്നും ഭൂമിയേറ്റെടുക്കൽ ചെലവേറിയപ്പോഴാണ് കുറച്ച് ഭൂമിയിൽ ചെയ്യാവുന്ന കോൺക്രീറ്റ് കനാലുകൾ നിർമ്മിച്ചാൽ മതിയെന്നുള്ള തീരുമാനമെടുത്ത് കൂടുതൽ കനാലുകളും അത്തരത്തിൽ നിർമ്മിച്ചതെന്നും ചീഫ് എഞ്ചിനീയർ (ഐ.&എ.) പറഞ്ഞു. സ്ഥലം ഏറ്റെടുക്കൽ ആവശ്യമില്ലാത്ത ഏലാകളിൽ കൈവശപ്പെടുത്തി വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് സമിതി സൂചിപ്പിക്കുകയും കേരളത്തിൽ ഏറ്റവും കൂടുതൽ മൈനർ ഇറിഗേഷൻ ചെയ്യുന്നത് ഏലാതോടുകളിലാണെന്നും അവിടെ നടക്കാൻ പോലും സ്ഥലമില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളതെന്നും സോഷ്യൽ ഓഡിറ്റ് നടത്തിയാൽ ഇത്തരം നിർമ്മാണങ്ങൾക്കായി ചെലവാക്കുന്ന തുകയുടെ 90 ശതമാനവും പാഴായിപ്പോകുകയാണെന്ന് മനസ്സിലാകുമെന്ന് അറിയിക്കുകയും ചെയ്തു. കനാലുകൾ സംരക്ഷിക്കുന്നതിന് 'ജിയോ ടെക്സ്റ്റൈലിംഗ് ' രീതി ഉപയോഗിച്ച് ബലപ്പെടുത്താനുള്ള നിർദ്ദേശം നൽകാമെന്ന് ചീഫ് എഞ്ചിനീയർ (ഐ. &എ.) അറിയിച്ചു.

നാണ്യവിളകൾക്കായി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ആരംഭിക്കാൻ ആലോചിക്കുന്നുണ്ടെന്നും ഏപ്രിൽ-മേയ് മാസങ്ങളിൽ നാണ്യവിളകൾക്ക് വെള്ളമെത്തിക്കാൻ സാധിക്കുന്ന രീതിയിലാണ് ആസൂത്രണം ചെയ്യുന്നതെന്നും എല്ലാ കൃഷി ഓഫീസർമാരോടും ജല സ്രോതസ്സുള്ള സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് ആരാഞ്ഞിട്ടുണ്ടെന്നും ഏകദേശം ഇരുപത്തിരണ്ടായിരം ലക്ഷം ഹെക്ടർ കൃഷിയുണ്ടെങ്കിലും മൂന്ന് ലക്ഷം ഹെക്ടർ കൃഷിക്ക് മാത്രമേ ജലം എത്തിക്കാൻ സാധിക്കുന്നുള്ളുവെന്നും എല്ലാ സ്ഥലങ്ങളിലും വെള്ളം എത്തിക്കാൻ സാധിച്ചാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നും ചെയർമാൻ അറിയിച്ചു

മാവൂരിൽ വാട്ടർ അതോറിറ്റി ഒഴിവാക്കിയ പമ്പ് ഹൗസും അതുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മൈനർ ഇറിഗേഷന് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാകാത്തതിന്റെ പ്രധാന കാരണം മുൻപ് സ്ഥാപിച്ച പൈപ്പുകൾ ഇപ്പോൾ എവിടെയാണെന്ന് അറിയാൻ സാധിക്കുന്നില്ലായെന്നുള്ള താണെന്ന് നിരീക്ഷിച്ച സമിതി, ഒരിക്കൽ സ്ഥാപിച്ച പൈപ്പുകൾ പിന്നീട് കണ്ടെത്തുന്നതിന് എന്തെങ്കിലും മാർഗ്ഗം നിലവിലുണ്ടോയെന്ന് ആരാഞ്ഞപ്പോൾ ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ ഉപയോഗിച്ച് പൈപ്പ് ലൈനുകൾ കണ്ടെത്താൻ സാധിക്കുമെന്നും എന്നാൽ ജലസേചന വകുപ്പ് ഇതുവരെ അത് വാങ്ങിച്ചിട്ടില്ലായെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കല്ലട ഇറിഗേഷൻ പ്രോജക്ടിൽ എത്ര തുക ചെലവഴിച്ചാൽ എത്ര കൃഷിക്ക് പ്രയോജനം ലഭിക്കുമെന്നത് കണക്കാക്കിയാലേ അടുത്ത പ്ലാനിൽ ഉൾപ്പെടുത്താനാവുക യുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ അവിടുത്തെ മൈനർ ഇറിഗേഷൻ സംവിധാനം മുഴുവനും നശിച്ചുവെന്നും മൈക്രോ ഇറിഗേഷന്റെ ഭാഗമായി ഒരു 'ഫോക്കസ് കമ്മിറ്റി' വിളിച്ചുകൂട്ടി അവിടെ 280 ഹെക്ടറോളം സ്ഥലം കൃഷിയോഗ്യമാക്കാമെന്ന് കണ്ടെത്തിയിട്ടു ണ്ടെന്നും അതിന്റെ സർവ്വേ നടന്നുവരികയാണെന്നും ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II അറിയിച്ചു.

നായർകുഴിയിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് മുമ്പേ മോട്ടോർ മുങ്ങിപ്പോയി എന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പമ്പ് മുകളിലേയ്ക്ക് കയറ്റിവയ്ക്കാനുള്ള സംവിധാന ത്തോടെയാണ് പമ്പ് ഹൗസ് പണിയുന്നതെന്ന് ചീഫ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ (ഐ.ഡി.ആർ.ബി.) മറുപടി നൽകി. സബ്മേഴ്സിബിൾ പമ്പ് ഉപയോഗിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി സബ്മേഴ്സിബിൾ പമ്പിന് ചെലവ് കൂടുതലാണെന്നും അധികം ജലം പമ്പ് ചെയ്യുവാൻ സാധിക്കില്ലെന്നും മറ്റ് പമ്പുകളുമായി താരതമ്യം ചെയ്താൽ അത് ലാഭകരമല്ല എന്നും വൈദ്യുതി ചാർജ്ജും പ്രാരംഭ ചെലവും കൂടുതലാണെന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) അറിയിച്ചു. ഇക്കാര്യം ഒന്നുകൂടി പരിശോധിച്ച് അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

2. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ

പ്രസ്തുത വിഷയം പരിഗണിച്ച സമിതി, ഉൽപാദിപ്പിക്കപ്പെടുന്ന വെള്ളം മുഴുവൻ ബിൽ ചെയ്യപ്പെടാത്തതും പിരിച്ചെടുക്കുന്ന പണം കൃത്യമായി അടയ്ക്കപ്പെടാത്തതും മറ്റ് ഭരണപരമായ പ്രശ്നങ്ങളും വെള്ളക്കരം ഓൺലൈനായി അടയ്ക്കാനുള്ള ക്വിക്ക് പേ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും ജല അതോറിറ്റിക്ക് റവന്യൂവിംഗ് രൂപീകരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് തലത്തിൽ ഓഫീസ് സംവിധാനം പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ചും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപ്പാദനക്ഷമത, വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് എന്നിവ

മനസ്സിലാക്കിയതിന് ശേഷം പുതിയരീതിയിലുള്ള യന്ത്രവൽക്കരണവും മറ്റും കൊണ്ടുവന്നാൽ വരുമാനം, സേവനം എന്നിവയിൽ ഉണ്ടാകുന്ന മാറ്റം പരിശോധിക്കാനായി ചെയ്യുന്ന പൈലറ്റ് പ്രോജക്റ്റി (പ്രാരംഭ പദ്ധതി)നെ കുറിച്ചും ജലഅതോറിറ്റിയുടെ സ്ഥലത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് വൈദ്യുതി ചാർജ്ജ് നേരിടുന്നത് സംബന്ധിച്ചുമുള്ള കാര്യങ്ങൾ സമിതി വിലയിരുത്തി.

സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വകുപ്പ് നേരിട്ട് പണം നിക്ഷേപിക്കുന്നതിന് പകരം ജലസേചനവകുപ്പിന്റെ കൈവശമുള്ള 36 ഏക്കർ സ്ഥലത്തു നിന്നും 27 ഏക്കർ കെ.എസ്.ഇ.ബി. ലിമിറ്റഡിനെക്കൊണ്ട് പ്രോജക്റ്റ് സ്ഥാപിച്ച് അതിൽനിന്നുള്ള വരുമാനം വാങ്ങുന്നതല്ലേ കുറച്ചുകൂടി നല്ലത് എന്ന് സമിതി ആരാഞ്ഞപ്പോൾ അങ്ങനെയാണെങ്കിൽ കെ.എസ്.ഇ.ബി.എൽ. നിശ്ചയിക്കുന്ന തുകയേ കിട്ടുകയുള്ളുവെന്നും അനർട്ടിന്റെ പ്രധാന ഉദ്ദേശ്യം വലിയ ഉപഭോക്താക്കൾക്കെല്ലാം ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ കൊടുക്കുകയെന്നുള്ളതാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി പറഞ്ഞു.

വാട്ടർ അതോറിറ്റിക്ക് വൈദ്യുതി ചാർജ്ജിനത്തിൽ മാത്രമല്ല നഷ്ടങ്ങൾ വരുന്നതെന്നും പമ്പിന്റെ അറ്റകുറ്റപ്പണികൾ പോലും പുറംജോലിക്കാരെ കൊണ്ടാണ് ചെയ്യിക്കുന്നതെന്നും അതുകൊണ്ട് ഇലക്ട്രിക്കൽ ജോലികളുമായി ബന്ധപ്പെട്ട യോഗ്യതയുള്ളവർ വാട്ടർ അതോറിറ്റിയിലുണ്ടെങ്കിൽ അവർക്ക് അധികാരം നൽകി സാമ്പത്തിക നഷ്ടം കൂടാതെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടി. Q&M (Quality and Maintenance) ജോലിക്കായി പുറത്തുനിന്നും ആളിനെ വയ്ക്കാതെ യോഗ്യതയുള്ള ജീവനക്കാരുണ്ടെങ്കിൽ സർക്കിൾ ഓഫീസിലും ഡിവിഷൻ ഓഫീസിലും ഒരു 'വെർച്വൽ ഇലക്ട്രിക്കൽ കേഡർ' ഉണ്ടാക്കി അവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

റവന്യൂ ചോർച്ച തടയാനായി നടത്തിയ പരിശോധനകൾ സംബന്ധിച്ചും വാൽവ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പൈപ്പിന്റെ നിലവാര കുറവുമൂലമോ പ്രഷർ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമില്ലാത്തതുകൊണ്ടോ വാൽവ് പൊട്ടുന്നതു ഒഴിവാക്കുന്നതിനായി സ്വീകരിച്ചുള്ള QRV (Quick Release Valve) സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനായി ഐ.ടി. മിഷന്റെ സഹകരണത്തോടുകൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാൾ സെന്റർ ആരംഭിക്കുന്ന നടപടിയെക്കുറിച്ചും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു

വാട്ടർ കണക്ഷൻ കൊടുക്കുന്നതിൽ സുതാര്യതയുണ്ടാക്കുകയും സ്വകാര്യ പംബ്ലർമാർ അനിയന്ത്രിതമായി തുക ഈടാക്കുന്ന പ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നതും പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ സ്വകാര്യ ജോലികൾ ചെയ്യുന്നതിന് വകുപ്പ് ലൈസൻസ് കൊടുത്ത് പ്ലംബർമാരെ നിയോഗിക്കുന്നതിൽ പരാതികളുള്ളതിനാൽ ഓൺലൈൻ സംവിധാനം കൊണ്ടുവരികയും അത് പ്രാരംഭമായി

കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നുണ്ടെന്നും ഉപഭോക്താവ് വാട്ടർ കണക്ഷനുവേണ്ടി അപേക്ഷ നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് എടുത്തതിനുശേഷം ഓൺലൈനിലൂടെ ഉപഭോക്താവിനെ അതിന് എത്രരൂപ ചെലവുവരുമെന്ന വിവരം അറിയിക്കുകയും ഉപഭോക്താവ് പ്രസ്തുത തുക അടച്ചുകഴിഞ്ഞാൽ പ്ലംബർമാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ വകുപ്പ് നിയമിക്കുകയും ജോലിചെയ്യുതിനുള്ള വേതനം അവർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്യുന്നതെന്നും അതുകൊണ്ട് പ്ലംബർമാരും ഉപഭോക്താക്കളും തമ്മിൽ യാതൊരു പ്രശ്നവുമുണ്ടാകുന്നില്ലെന്നും ഇത് കേരളം മുഴുവൻ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ (HRD&GL) അറിയിച്ചു. ഒപ്പം വാട്ടർ കണക്ഷനുവേണ്ടി പൈപ്പിടുന്നതുമായി ബന്ധപ്പെട്ട തുക ഏകീകരണം ഉടൻ നടപ്പിലാകുമെന്നും മീറ്ററിലെ അപാകതകൾ കാരണം റവന്യൂ നഷ്ടമുണ്ടാകുന്നതിനാൽ മീറ്റർ പരിശോധിക്കുന്ന സംവിധാനവും ഏകീകരിക്കുന്നുണ്ടെന്നും അങ്ങനെ വരുമ്പോൾ എഫ്.സി.ആർ.ഐ-ൽ (Fluid Control Research Institute) പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള മീറ്ററുകൾ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂയെന്നും തുക അടച്ചുകഴിഞ്ഞാൽ 15 ദിവസത്തിനകം വാട്ടർ കണക്ഷൻ കൊടുക്കണമെന്നാണ് തീരുമാനമെന്നും റോഡ് മുറിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമുള്ള പക്ഷം കൂടുതൽ സമയം വേണ്ടിവരുമെന്നും ചീഫ് എഞ്ചിനീയർ (HRD&GL)കൂട്ടിച്ചേർത്തു. തുടർന്ന് പഞ്ചായത്തുകളിൽ റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാർക്ക് ചുമതല നൽകിക്കൊണ്ട് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഇറക്കിയിട്ടുള്ള ഉത്തരവ് എല്ലാ എം.എൽ.എ.-മാരെയും അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വാട്ടർ കണക്ഷൻ സൗജന്യമായി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് തുക ഏകീകരിക്കുമ്പോൾ പ്രശ്നമുണ്ടാകാൻ സാധ്യതയുണ്ടെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും പരാതി ഒഴിവാക്കാനായി ഒരു മേള നടത്തി പഞ്ചായത്തിന്റെ ബാധ്യതയിൽ കണക്ഷൻ കൊടുക്കുന്ന രീതി അവലംബിക്കണമെന്ന് ബഹു. ചെയർമാൻ അഭിപ്രായപ്പെടുകയും ചെയ്തു.

വാട്ടർ കണക്ഷനുവേണ്ടി പഞ്ചായത്ത് റോഡ് മുറിക്കുന്നതും കോൺക്രീറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വലിയ തുകയുടെ എസ്റ്റിമേറ്റ് നൽകി ഉപഭോക്താവിനെ ചൂഷണം ചെയ്യുന്ന പ്രവണത ഉണ്ടെന്നും ആയത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

'ജലജീവൻ മിഷൻ' വരുമ്പോൾ 10 ശതമാനം കമ്മ്യൂണിറ്റി കോൺട്രിബ്യൂഷൻ വേണമെന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി എം.എൽ.എ-മാർ കെ.എസ്.ഇ.ബി.എൽ.-ന് ഫണ്ട് നൽകിയതുപോലെ വാട്ടർ കണക്ഷനുവേണ്ടിയും ഫണ്ട് നൽകിയാൽ നന്നായിരുന്നുവെന്നും എല്ലാ വീടുകൾക്കും പൈപ്പ് വെള്ളം വിതരണം ചെയ്യുക എന്ന ആശയവുമായാണ് വകുപ്പ് മുന്നോട്ടുപോകുന്നതെന്നും സമ്പൂർണ്ണ വൈദ്യുതീകരണം

സാധ്യമാക്കിയതുപോലെ സമ്പൂർണ്ണ കടിവെള്ള വിതരണവും സാധ്യമാക്കേണ്ടതുണ്ടെന്നും അടുത്ത 5 വർഷത്തിനുള്ളിൽ 100 ശതമാനം പൈപ്പ് വാട്ടർ കവറേജ് കൊണ്ടുവരുന്നതാണ് ലക്ഷ്യമെന്നും ഗ്രാമീണ പ്രദേശങ്ങളിൽ ഏകദേശം 69 ലക്ഷം വീടുകളുള്ളതിൽ 20 ലക്ഷം വീടുകൾക്കും നഗരപ്രദേശങ്ങളിൽ 16 ലക്ഷം വീടുകളുള്ളതിൽ 10 ലക്ഷം വീടുകൾക്കും മാത്രമാണ് പൈപ്പ് വെള്ളം കൊടുത്തിട്ടുള്ളതെന്നും 50 ശതമാനത്തിന് മുകളിലുള്ള വീടുകൾക്ക് പൈപ്പ് വാട്ടർ കണക്ഷൻ നൽകുന്നതിന് 60 ശതമാനം തുക കേന്ദ്ര ഗവൺമെന്റ് നൽകിയാലും താരിഫ് തുക കൊണ്ടുമാത്രം പദ്ധതികൾ നടത്തികൊണ്ടുപോകാൻ ബുദ്ധിമുട്ടായിരിക്കുമെന്നും അതുകൊണ്ട് 100 ശതമാനം ചെലവ് വസൂലാക്കാൻ പാകത്തിൽ ഓരോ പഞ്ചായത്തിനും താരിഫ് നിശ്ചയിച്ചുകൊണ്ട് അവർക്ക് ആവശ്യമായി സാങ്കേതിക പിൻതുണ നൽകികൊണ്ട് പ്രവൃത്തി ചെയ്യണമെന്നും എം.ഡി. കേരള വാട്ടർ അതോറിറ്റി അറിയിച്ചു. വെള്ളത്തിന്റെ ചാർജ് എത്ര രൂപയാണെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി 10 ലിറ്ററിന്4 പൈസയാണെന്ന് എം.ഡി. വാട്ടർ അതോറിറ്റി അറിയിച്ചപ്പോൾ നിരക്ക് കൂട്ടണമെന്നുണ്ടെങ്കിൽ അതു സംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകിയാൽ മതിയെന്ന് സമിതി നിർദ്ദേശിച്ചു.

സമ്പൂർണ്ണ കടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട പ്രോജക്ട് വിംഗിന്റെ പ്രവർത്തനം വിലയിരുത്തിയ സമിതി പ്രസ്തുത വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു.

വാട്ടർ അതോറിറ്റിയുടെ സ്വത്തുവകകൾ സംരക്ഷിക്കാനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ലായെന്നും വാട്ടർ അതോറിറ്റിയുടെ ഭൂമി ഡിജിറ്റലൈസ് ചെയ്ത് മാപ്പ് ചെയ്യാൻ തീരുമാനം എടുത്തിരുന്നുവെന്നും ചൂണ്ടിക്കാണിച്ച സമിതി ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് ആരാഞ്ഞപ്പോൾ പ്രസ്തുത സ്വത്തു വകകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയായിട്ടില്ല എന്ന് ചീഫ് എഞ്ചിനീയർ (HRD&GL) അറിയിച്ചു.

വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ രേഖകളുണ്ടെങ്കിലും ഭൂമി കൈവശമുണ്ടോയെന്നും ഉള്ള ഭൂമിയിൽ കൈയേറ്റം നടന്നിട്ടുണ്ടോയെന്നും പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതികളെക്കുറിച്ച് വിലയിരുത്തിയ സമിതി കേരളത്തിലെ കുപ്പിവെള്ള വിപണിയിൽ വാട്ടർ അതോറിറ്റിക്ക് ഇടപെടാൻ കഴിയുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ ഒരു പ്രത്യേക അജണ്ടയായി ചർച്ച ചെയ്യാം എന്ന് തീരുമാനിച്ചു.

(3) നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് 12-6-2019-ൽ ബഹു. സ്പീക്കർ നൽകിയ റൂളിംഗിന്മേലുള്ള നടപടികളിൽ

(ഫയൽ നമ്പർ 3355/സബ്.സി.എ 1/2019/ നി.സെ.)

**(i) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്**

പ്രസ്തുത ആക്ടിലെ നാലാം ഉപവകുപ്പിന് അനുസൃതമായി ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നാണ് നിയമോപദേശമെന്ന് ചീഫ് എഞ്ചിനീയർ (ഐ.&എ.) അറിയിച്ചപ്പോൾ സമിതിയുടെ അടുത്തയോഗത്തിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തണമെന്നും ഒപ്പം ഫാർമേഴ്സ് അസോസിയേഷനെ സംബന്ധിച്ച കരട് ചട്ടം കൂടി അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്നും 40 ഹെക്ടറിൽ ഒരു യൂണിറ്റ് എന്ന ക്രമത്തിലാണ് ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കേണ്ടതെന്നും ഒരു നിയോജക മണ്ഡലത്തിൽ 10-20 സമിതികൾ വരാമെന്നും ഇതിന്റെ അപെക്സ് ബോഡി എന്ന നിലയ്ക്ക് എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കണമെന്ന കാര്യം കൂടി റൂൾസിൽ വരണമെന്നും സമിതി നിർദ്ദേശിച്ചു.

**(ii) 1986-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിനനുസൃതമായിട്ടുള്ള ടെക്നിക്കൽ സർവ്വീസ് റൂൾസിന്റെ രൂപീകരണം**

പ്രസ്തുത വിഷയം പരിഗണിക്കവെ, സർവ്വീസ് സംഘടനകളുമായി ഇതുസംബന്ധിച്ച് 20-6-2019-ന് ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നുവെന്നും സർവ്വീസ് സംഘടനകളുടെ അഭിപ്രായംകൂടി ക്രോഡീകരിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയുടെ കറിപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസിലേക്ക് അയയ്ക്കുമെന്നും അവിടെ ചർച്ച കഴിഞ്ഞതിനുശേഷം നിയമവകുപ്പിനും പിന്നീട് പി.എസ്.സി-യ്ക്കും അയയ്ക്കുമെന്നും പി.എസ്.സി.-യുടെ അഭിപ്രായം കൂടി അറിഞ്ഞശേഷമാണ് സബ്ജക്ട് കമ്മിറ്റിയിലേക്ക് വരുന്നത് എന്നും എം.ഡി. കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

കടിശ്ശികയായിട്ടുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത നിയമസഭാ സമ്മേളനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് പാലിക്കാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി കെ.എസ്.&എസ്.എസ്.ആർ.-ന്റെ റൂൾ 13 അടിസ്ഥാനമാക്കിയാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതെന്നും അതിനൊരു നിർദ്ദിഷ്ട നടപടിക്രമമുണ്ടെന്നും സ്പെഷ്യൽ റൂൾസ് ബാധിക്കുന്ന സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയും പി &എ.ആർ.ഡി., ധനകാര്യം, നിയമം എന്നീ വകുപ്പുകളുടെ അഭിപ്രായവും പി.എസ്.സി.-യുടെ വിദഗ്ദാഭിപ്രായവും നിർബന്ധമാണെന്നും അവരുടെ പ്രസ്താവന ലഭ്യമാക്കി എത്രയും വേഗം ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവരാമെന്നും അതിന് രണ്ടുമാസത്തെ സമയമെടുക്കുമെന്നും ജലവിഭവവകുപ്പ് സെക്രട്ടറി അറിയിച്ചു.

**(iii) കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ്) സർവ്വീസ് റൂൾസ് (ഭേദഗതി)**

പ്രസ്തുത വിഷയങ്ങൾ പരിഗണിച്ചപ്പോൾ വാച്ച്മാൻ തസ്തികയിൽ വനിതകൾ അപേക്ഷിക്കാൻ പാടില്ലെന്ന വ്യവസ്ഥ ഒഴിവാക്കി കരട് വിജ്ഞാപനം തയ്യാറാക്കിയിട്ടുണ്ടെന്ന് എം.ഡി., വാട്ടർ അതോറിറ്റി, സമിതിയെ അറിയിച്ചു.

ടി കരട് വിജ്ഞാപനം സമിതിയുടെ അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗം 2019 ഒക്ടോബർ 15-ന് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 23-10-2019-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-III, 2019 ഒക്ടോബർ മാസം 23-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
2. ശ്രീ. കെ. ജെ. മാക്സി, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എസ്. തിലകൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്, ജലസേചന വകുപ്പ്
2. ശ്രീ. രവീന്ദ്രൻ റ്റി., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ (ഐ. & എ.) ജലസേചന വകുപ്പ്

4. ശ്രീ. ശ്രീകുമാർ എം., ചീഫ് എഞ്ചിനീയർ (SR),കേരള വാട്ടർ അതോറിറ്റി

5. ശ്രീ. ടി. എസ്. സുധീർ, ചീഫ് എഞ്ചിനീയർ (CR), കേരള വാട്ടർ അതോറിറ്റി

6. ശ്രീ. ടെറൻസ് ആന്റണി, ചീഫ് എഞ്ചിനീയർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)

7. ശ്രീ. തോമസ് ഐസക് എൻ., സെക്രട്ടറി കേരള വാട്ടർ അതോറിറ്റി

8. ശ്രീ. ശ്രീകുമാർ എം., ചീഫ് എഞ്ചിനീയർ (HRD&GL), കേരള വാട്ടർ അതോറിറ്റി

9. ശ്രീ. സേതുകുമാർ എസ്., ചീഫ് എഞ്ചിനീയർ (PPD & WASCON), കേരള വാട്ടർ അതോറിറ്റി

10. ശ്രീമതി ലീനാ കുമാരി എസ്., ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്), കേരള വാട്ടർ അതോറിറ്റി

11. ശ്രീ. തോമസ് മാത്യു പി., ജോയിന്റ് ഡയറക്ടർ, ഐ. ഡി. ആർ. ബി., തിരുവനന്തപുരം

12. ശ്രീ. റെജികുമാർ ജെ., ഡെപ്യൂട്ടി സെക്രട്ടറി, ജലവിഭവ വകുപ്പ്

13. ശ്രീ. ശിവകുമാർ വി., ഡെപ്യൂട്ടി ഡയറക്ടർ, ഐ.ഡി.ആർ.ബി., തിരുവനന്തപുരം

14. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ ISW Cell (Inter State Water Cell), ജലസേചന വകുപ്പ്.

സമിതി, കാര്യവിവരപ്പട്ടികയിലെ ഇനങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

**1. കേരള വാട്ടർ അതോറിറ്റി - സമഗ്ര അവലോകനം**

ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 'ജൽ ജീവൻ മിഷൻ' എന്ന പേരിൽ ആരംഭിക്കുന്ന പുതിയ പദ്ധതിയെ സംബന്ധിച്ച് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി വിശദീകരിച്ചു. കേന്ദ്ര സർക്കാരിന്റെ NRDWP സ്കീം, ജൽ ജീവൻ മിഷനായി മാറിയതിനാൽ പ്രസ്തുത സ്കീം ഇനിയുണ്ടാകില്ലായെന്നും ഗ്രാമീണ പ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലേയ്ക്കും പൈപ്പ് കണക്ഷൻ കൊടുക്കുക എന്നുള്ളതാണ് ജൽ ജീവൻ മിഷന്റെ ലക്ഷ്യമെന്നും അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ ഗ്രാമീണ

പ്രദേശങ്ങളിലുള്ള ഏകദേശം 55 ലക്ഷം കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ കൊടുക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 36,000 കോടി രൂപ ചെലവാകുമെന്നും പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് ഏകദേശം 2.08 ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു. കൂടാതെ പ്രസ്തുത തുകയിൽ 50 ശതമാനം തുക കേന്ദ്ര സർക്കാരും 50 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടതെന്നും കേന്ദ്രസർക്കാർ ആദ്യ അലോട്ട്മെന്റായി 201 കോടി രൂപ നൽകാൻ സാധ്യതയുള്ളതിനാൽ സംസ്ഥാന സർക്കാരും അത്രയും തുക കണ്ടെത്തേണ്ടതുണ്ടെന്നും ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ താൽപ്പര്യമനുസരിച്ചാണ് കേന്ദ്ര സർക്കാർ ഫണ്ട് നൽകുന്നതെന്നും ടെക്നിക്കൽ മെമ്പർ, വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു.

'ജൽ ജീവൻ മിഷൻ' നടപ്പാക്കുമ്പോൾ വെള്ളത്തിന് ചാർജ്ജ് കൂടുതലായിരിക്കുമോയെന്നും നൽകുന്ന കണക്ഷനുകളിലെല്ലാം വെള്ളം ലഭ്യമാകുമോയെന്നും സമിതി ചോദിച്ചതിന് മറുപടിയായി വാട്ടർ അതോറിറ്റി 22 രൂപ വാങ്ങുമ്പോൾ മിഷൻ വഴി 100 രൂപയാണ് ഈടാക്കുന്നതെന്നും നൽകുന്ന കണക്ഷനുകളിലെല്ലാം വെള്ളം ലഭ്യമാകുന്നതുകൂടി പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതെന്നും പൊതു ടാപ്പുകൾക്കു പകരം വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്നതുകൊണ്ട് വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് വരുമാനരഹിത ജലത്തിന്റെ കൃത്യമായ അളവ്, വെള്ളം ദുരുപയോഗം ചെയ്യുന്നുണ്ടോ എന്നീ കാര്യങ്ങൾ മനസ്സിലാക്കാനും കുടിശ്ശിക സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരം കാണാനും സാധിക്കുമെന്നും ഗ്രാമപഞ്ചായത്തുകൾക്ക് ആവർത്തന ചെലവ് ഒഴിവാക്കാനും ഓരോ വാർഡിലും സമ്പൂർണ്ണ ജലസുരക്ഷ ഉറപ്പുവരുത്താനും ഉപഭോക്താക്കൾക്ക് വീട്ടിൽത്തന്നെ കുടിവെള്ളം ലഭ്യമാക്കുന്നതിന് സാധിക്കുമെന്നും അറിയിച്ച ടെക്നിക്കൽ മെമ്പർ, ഫീൽഡിൽ നിന്ന് ലഭിച്ച കണക്കുപ്രകാരം 941 പഞ്ചായത്തുകളിൽ 100 ശതമാനം കണക്ഷനുള്ളത് 25-ഓളം പഞ്ചായത്തുകളിലാണെന്നും ജിയോ ടാഗ് ചെയ്ത് പ്രസ്തുത കണക്കിൽ കൃത്യത വരുത്തേണ്ടതുണ്ടെന്നും കൂട്ടിച്ചേർത്തു. തുടർന്ന് 'ജൽ ജീവൻ മിഷന്റെ' നടത്തിപ്പ് സംബന്ധിച്ച് വിശദീകരിച്ച വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ 'ജൽ ജീവൻ മിഷൻ' കേന്ദ്ര ഗവൺമെന്റ് സംവിധാനമാണെന്നും ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാന ജലവിതരണ ശുചീകരണ മിഷൻ എന്ന കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും ജില്ലാതലത്തിൽ ജില്ലാ കളക്ടറോ ജില്ലാ പഞ്ചായത്ത് പ്രസിഡന്റോ ചെയർമാനായുള്ള ജലവിതരണ ശുചീകരണ മിഷൻ ഉണ്ടാകുമെന്നും അതിന്റെ കരട് തയ്യാറായിട്ടുണ്ടെന്നും ആയതിന്മേൽ ഗവൺമെന്റ് ഉത്തരവ് വരാനുണ്ടെന്നും അറിയിച്ചു. അതോടൊപ്പം വില്ലേജുതല ജലവിതരണ ശുചീകരണ സമിതിയാണ് ഏറ്റവും പ്രധാനമായിട്ടുള്ളതെന്നും അവരാണ് 'ജൽ ജീവൻ മിഷന്റെ' മൊത്തത്തിലുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതെന്നും നടത്തിപ്പ്, അറ്റകുറ്റപ്പണികൾ അടക്കമുള്ള കാര്യങ്ങൾ അവരാണ് ചെയ്യേണ്ടതെന്നാണ്

'ജൽ ജീവൻ മിഷന്റെ' പുതിയ ഗൈഡ്‌ലൈൻസിലുള്ളതെന്നും കൂട്ടിച്ചേർത്തു. ജൽ ജീവൻ മിഷന്റെ ഗൈഡ്‌ലൈനിന്മേൽ സംസ്ഥാന ഗവൺമെന്റ് വ്യക്തമായ അഭിപ്രായം അറിയിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ 73-ാം ഭരണഘടനാ ഭേദഗതി പ്രകാരം ജലവിതരണം പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലാണ് വരേണ്ടതെന്നും എന്നാൽ കേരളത്തിൽ മാത്രമാണ് വാട്ടർ അതോറിറ്റി ജലവിതരണം നിർവ്വഹിക്കുന്നതെന്നും ടെക്നിക്കൽ മെമ്പർ, വാട്ടർ അതോറിറ്റി അറിയിച്ചു.

'ജൽ ജീവൻ മിഷൻ' വഴി ജലവിതരണം നടത്തുമ്പോൾ നിലവിലുള്ള കണക്ഷനും പുതുതായി നൽകുന്ന കണക്ഷനും തമ്മിലുള്ള താരിഫ് വ്യത്യാസം സംബന്ധിച്ച് പിന്നീട് ആലോചിക്കാമെന്നും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഈയിനത്തിൽ 36,000 കോടി രൂപ ലഭിക്കുന്നതിന് ജൽ ജീവൻ മിഷൻ അംഗീകരിക്കേണ്ടതുണ്ടെന്നും ജൽ ജീവൻ മിഷന്റെ അന്തിമ ഗൈഡ്‌ലൈൻ വരുമ്പോൾ ആവശ്യമായ മറ്റു നിർദ്ദേശങ്ങൾ കൂടി അറിയിക്കാമെന്നും സമിതി അഭിപ്രായപ്പെടുകയും കേരളം സർവ്വീസ് സെക്ടറിൽ കൂടുതൽ ശ്രദ്ധിക്കുന്ന സംസ്ഥാനമായതുകൊണ്ട് പുതിയ സ്കീമുകൾ സർവ്വീസ് സെക്ടറിനെ നശിപ്പിക്കുന്ന രീതിയിലേക്ക് വരരുതെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജൽ ജീവൻ മിഷന്റെ ഗൈഡ്‌ലൈൻ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

പുതിയ കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുനിരത്തുകൾ ധാരാളമായി കുഴിക്കുക, സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൈപ്പ് ഇടുക എന്നിവ സംബന്ധിച്ചും പ്രസ്തുത പ്രവൃത്തി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കാൻ കഴിയുമോ എന്നുള്ളതും സ്ഥിതിവിവരക്കണക്കുകളിലെ ന്യൂനതകൾ പരിഹരിക്കേണ്ടതു സംബന്ധിച്ചും ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ആയതിലേക്കായി കൊണ്ടുവരാൻ സാധിക്കുമോയെന്നുള്ളതും കൂടുതലായി വരുന്ന കണക്ഷനുകൾ നൽകുന്നതിനായി പ്ലംബിംഗ് ലൈസൻസ് അധികമായി നൽകേണ്ടിവരുന്നത് സംബന്ധിച്ചും പ്രസ്തുത പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ചും വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ വിശദീകരിച്ചു. ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഗൈഡ്‌ലൈൻ വന്നതിന് ശേഷം മാത്രമേ കൂടുതൽ കാര്യങ്ങൾ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിശദീകരിക്കാൻ കഴിയുകയുള്ളൂ എന്ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചപ്പോൾ ഗൈഡ്‌ലൈൻ ലഭിച്ചാലുടൻ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വാട്ടർ അതോറിറ്റി നിലവിൽ 1044 സ്കീമുകൾ നടപ്പിലാക്കുന്നുണ്ടെന്നും ഗ്രാമീണ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലുമായി 22 ലക്ഷം കണക്ഷനുകളാണുള്ളതെന്നും 2016-നു ശേഷം 6,248.29 കോടി രൂപയുടെ 42 പദ്ധതികൾക്ക് ഡി. പി. ആർ.

തയ്യാറാക്കി എ. എസ്. വാങ്ങിയിട്ടുണ്ടെന്നും നബാർഡ്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, അമൃത്, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ. കെ. ഐ.) എന്നിവയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തികൾ വിവിധ സ്റ്റേജുകളിലാണെന്നും എ.ഡി.ബി. അനുവദിച്ച തുക ഉടൻ ലഭിക്കുമെന്നും ആർ. കെ. ഐ.-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് 250 കോടി രൂപയുടെ അംഗീകാരമായിട്ടുണ്ടെന്നും അറിയിച്ച ടെക്നിക്കൽ മെമ്പർ, വാട്ടർ അതോറിറ്റി പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ചാണ് ഇപ്പോഴും ഈ ജോലികളെല്ലാം ചെയ്യുന്നതെന്നും താഴേത്തട്ടിൽ ടെക്നിക്കൽ/ഫീൽഡ് സ്റ്റാഫിന്റെ എണ്ണം കുറവാണെന്നും സമിതിയെ ബോധിപ്പിച്ചു. അതിനെത്തുടർന്ന് ടെക്നിക്കൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

അമൃത് പദ്ധതിയിൽ ലഭിച്ച 1,254 കോടി രൂപ ഉപയോഗിച്ച് 283 പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഫണ്ട് വരവ് കുറവായതിനാൽ പദ്ധതി പ്രവർത്തനം മന്ദഗതിയിലാണെന്നും കിഫ്ബിയിൽ 69 പദ്ധതികൾക്കായി 4,351 കോടി രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും അതിൽ സ്ഥലമേറ്റെടുപ്പ് ആവശ്യമായവ ഒഴികെയുള്ള 34 പദ്ധതികൾ ടെണ്ടർ ഘട്ടത്തിലേക്ക് പോകുകയാണെന്നും സ്റ്റേറ്റ് പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളെല്ലാം ക്രമീകരിക്കുന്നുണ്ടെന്നും വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചപ്പോൾ കിഫ്ബിയിൽ അനുമതി ലഭിച്ച പദ്ധതികൾ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുമ്പായി അത് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

452 കോടി രൂപയുടെ ബിൽ പെൻഡിംഗിലായതിനാൽ സ്റ്റേറ്റ് പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികളുടെ ടെണ്ടർ ആരും എടുക്കാത്ത സ്ഥിതിയാണുള്ളതെന്ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചപ്പോൾ പെൻഡിംഗ് ബിൽ എത്രയും വേഗം കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കൊച്ചിയിൽ എ. ഡി. ബി. പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് സമിതി അന്വേഷിക്കുകയും പ്രസ്തുത പദ്ധതിക്കായി റോഡ് കുഴിക്കാതെ കേബിൾ ഇടുന്ന രീതി അവലംബിക്കാൻ കഴിയുമോ എന്ന് ആരായുകയും അതിന്റെ ചെലവ് കൂടുതലാണോ എന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏകദേശം 30 കോടി രൂപയാണ് പ്രതിമാസം കെ.എസ്.ഇ.ബി.എൽ.-ന് അടയ്ക്കേണ്ടതെന്നും പ്രസ്തുത തുക ഇപ്പോൾ അടയ്ക്കാൻ കഴിയുന്നില്ലെന്നും ആയതിനാൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന തുകയിൽ കുറവ് വരുത്തുന്നതിനായി സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ, 6 മെഗാവാട്ട് ഉത്പാദനശേഷിയുള്ള ഒരു സോളാർ പ്ലാന്റ്

പാലക്കാട് ജില്ലയിൽ ഇറിഗേഷൻ വകപ്പിന്റെ ഉടമസ്ഥതയിലുള്ള 36 സെന്റ് സ്ഥലത്ത് അടുത്തവർഷം സെപ്റ്റംബറിൽ ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന കാര്യം ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട്, ബോട്ടിലിംഗ് പ്ലാന്റ് പ്രവർത്തന സജ്ജമായിക്കഴിഞ്ഞുവെന്നും ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ളതിനുള്ള അനുവാദവും ഉല്പാദനവും വിപണനവും KIIDC (Kerala Irrigation Infrastructure Development Corporation)-ന് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വാട്ടർ അതോറിറ്റിക്ക് അതിൽ നിന്നും ഒരു നിശ്ചിതവിഹിതം ലഭിക്കുമെന്നും ടെക്നിക്കൽ മെമ്പർ അറിയിച്ചു. വാട്ടർ അതോറിറ്റി നേരിട്ട് ഉല്പാദനവും വിപണനവും ചെയ്താൽ വിപണി പിടിച്ചെടുക്കുന്നതിനും ലാഭം നേടുന്നതിനും സാധിക്കില്ലേയെന്ന് ആരാഞ്ഞ സമിതി പ്രസ്തുത കുപ്പിവെള്ള ഉല്പാദനവും വിപണനവും വാട്ടർ അതോറിറ്റി നേരിട്ട് നടത്തുന്നത് സംബന്ധിച്ച് ഒന്നുകൂടി പരിശോധിക്കണമെന്ന് അഭിപ്രായപ്പെട്ടു. ടി വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റി ഒരു സാധ്യതാ പഠനം നടത്തിയിരുന്നുവെന്നും പ്രധാനമായും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പര്യാപ്തമായ ജീവനക്കാരും അടിസ്ഥാനസൗകര്യവും വാട്ടർ അതോറിറ്റിക്ക് ഇല്ലായെന്നും ടെക്നിക്കൽ മെമ്പർ സമിതിയെ അറിയിച്ചു.

പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്താനുള്ള ഇന്നവേഷൻ ഹബ്ബിനെക്കുറിച്ച് വിശദീകരിച്ച വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ, ആയത് സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞെന്നും പൂർത്തിയാകുവാൻ ആറു മാസം വേണ്ടിവരുമെന്നും ഓൺലൈൻ മുഖേന വാട്ടർബിൽ അടക്കുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും 1916 എന്ന ടോൾഫ്രീ നമ്പറിൽ കോൾസെന്റർ രണ്ടാഴ്ചകൊണ്ട് പ്രവർത്തന സജ്ജമാകുമെന്നും മൊബൈൽ ആപ്ലിക്കേഷൻ വഴി മീറ്റർ റീഡിംഗ് എടുക്കാനുള്ള സൗകര്യം ലഭ്യമാക്കിക്കൊണ്ടിരിക്കയാണെന്നും ഇപ്പോൾ നഗരപ്രദേശങ്ങളിൽ രണ്ട് മാസത്തെ ഇടവേളയിലും ഗ്രാമപ്രദേശങ്ങളിൽ ആറ് മാസത്തെ ഇടവേളയിലുമാണ് മീറ്റർ റീഡിംഗ് നടത്തി ബില്ല് നൽകുന്നതെന്നും അറിയിച്ചു. ബില്ലിംഗിന് ആറുമാസത്തെ ഇടവേള വരുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുമോയെന്ന് ആലോചിക്കണമെന്നും വീടുകളിൽ പോകാതെ മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കുന്ന രീതിയിലുള്ള ഓട്ടോമാറ്റിക് മീറ്റർ റീഡറുകളുടെ സാധ്യതയും ആയതിന്റെ ചെലവും കണക്കാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പൈപ്പ് ലൈനുകൾ പൊട്ടിയാൽ റോഡ് കുഴിക്കാതെ ചോർച്ച കണ്ടുപിടിക്കുന്നതിനുള്ള ലീക്ക് ഡിറ്റക്റ്റിംഗ് മെഷീൻ ഓരോന്നുവീതം എല്ലാ ജില്ലകൾക്കും വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന 128 സ്കീമുകളിൽ ചിലത് പ്ലാന്റ് വരെയും ടാങ്കിൽ വെള്ളം എത്തിക്കുന്നതുവരെയും ചെയ്തിട്ടുണ്ടെന്നും വിതരണത്തിനുള്ള പൈപ്പ് ഇട്ടാൽ മാത്രമേ വെള്ളം കൊടുക്കാൻ സാധിക്കുകയുള്ളുവെന്നും അവ പൂർത്തിയാക്കുന്നതിന് ഏകദേശം 11,000 കോടി രൂപ ആവശ്യമാണെന്നും വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചപ്പോൾ ആയതിലേക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇലക്ട്രിക്കൽ മെയിന്റനൻസുമായി ബന്ധപ്പെട്ട് അധിക ചെലവ് വരുന്നത് പരിഹരിക്കാൻ ജീവനക്കാർക്കിടയിൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെ ഉപയോഗിച്ച് പ്രസ്തുത മെയിന്റനൻസ് ജോലികൾ നടത്തുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ സമിതി വിലയിരുത്തി.

വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റിവിംഗിനെപ്പറ്റിയും 14 ജില്ലാലാബുകളും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകൃത ലാബുകളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകി വരുന്നതിനെപ്പറ്റിയും വിശദീകരിച്ച ടെക്നിക്കൽ മെമ്പർ, വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങൾ നൽകാനുള്ള തുകയുടേയും വാട്ടർ അതോറിറ്റി കെ. എസ്. ഇ. ബി.-ക്ക് നൽകാനുള്ള തുകയുടേയും കണക്കുകൾ വ്യക്തമാക്കി.

വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ കൈയേറ്റങ്ങളും ആയതുമായി ബന്ധപ്പെട്ടുള്ള കേസുകളും അവയുടെ നിലവിലെ സ്ഥിതിയും ഭൂമി സംബന്ധമായ വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

കൂടാതെ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള 1584 ഏക്കർ ഭൂമിയിൽ ഉപയോഗിക്കുന്നവയും ഉപയോഗിക്കാത്തവയും എത്രയാണെന്നറിയണമെന്നും ഒരേക്കറിൽക്കൂടുതൽ സ്ഥലം ഉപയോഗിക്കാതെ വെറുതെ കിടക്കുന്നുണ്ടെങ്കിൽ അവിടെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും മരങ്ങൾ നിറഞ്ഞ സ്ഥലങ്ങളിൽ മരം മുറിക്കുന്നതിന് സോഷ്യൽ ഫോറസ്റ്റി ഡിപ്പാർട്ട്മെന്റിന്റെ അനുമതി വാങ്ങിയാൽ മതിയാകുമെന്നും കെ. എസ്. ഇ. ബി. എൽ.-ന് വൈദ്യുതി ചാർജ്ജിനത്തിൽ ഇത്രയും വലിയ തുക കൊടുക്കുന്നതിനു പകരം സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതായിരിക്കും ഉചിതമെന്നും അഭിപ്രായപ്പെട്ട സമിതി ജലസേചന വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും ഭൂമിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാൻ പറ്റിയ സ്ഥലമുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ സമിതി ശിപാർശ ചെയ്യാമെന്ന് അറിയിക്കുകയും ചെയ്തു.

**2. 2019-ലെ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ്) സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്**

(ഫയൽ നമ്പർ 435/സബ്.സി.എ 1/2017/നി.സെ.)

2019-ലെ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ ആന്റ് ലാസ്റ്റ് ഗ്രേഡ്) സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസിന്റെ കരട് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു.

**3. നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമങ്ങൾക്കനുസൃതമായി ജലവിഭവ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കാൻ അവശേഷിക്കുന്ന കരട് ചട്ടങ്ങൾ**

(ഫയൽ നമ്പർ 3355/സബ്.സി.എ 1/2019/നി.സെ.)

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ നദികളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കുന്നവർക്കെതിരെ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥന് നേരിട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള അധികാരം നൽകുന്ന ചട്ടം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ സമിതി പ്രസ്തുത ചട്ടത്തിന്മേൽ ഭേദഗതി ആവശ്യമില്ലെന്നും ഭേദഗതി വരുത്താത്തതിരുന്നാൽ നിലവിൽ ആർക്കുവേണമെങ്കിലും കേസ് ഫയൽ ചെയ്യാവുന്നതാണ് എന്നുമുള്ള നിയമവകുപ്പിന്റെ അഭിപ്രായം അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

## 19-2-2020-ലെ യോഗ നടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2020 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. ജി. എസ്.ജയലാൽ "
3. ശ്രീ. കെ. ജെ. മാക്സി, "
4. ശ്രീ. മോൻസ് ജോസഫ് "
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, "
6) ശ്രീ. വി. കെ. പ്രശാന്ത്, "
7) ശ്രീ. പി. ടി. എ. റഹിം, "
8) ശ്രീ. പി. ടി. തോമസ്, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി, വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ബി. അശോക്, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീമതി മൃൺമയി ജോഷി, ഡയറക്ടർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
4. ശ്രീമതി ശാന്തി എലിസബത്ത് തോമസ്, പി.എസ്.ഒ., ആലപ്പുഴ
5. ശ്രീ. റെജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീ. എസ്. ഹാരീസ്, ഡയറക്ടർ (ടെക്നിക്കൽ ആന്റ് ഓപ്പറേഷൻസ്), കെ.ആർ.ഡബ്ല്യൂ.എസ്.എ.
7. ശ്രീമതി ആലീസ് തോമസ്, ഡയറക്ടർ, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി
8. ശ്രീ. സുരേഷ്കുമാർ. പി.ആർ., ഡയറക്ടർ, ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ (ഇൻ-ചാർജ്), കെ.ആർ.ഡബ്ല്യൂ.എസ്.എ.
9. ശ്രീ. റ്റി. ജി. സെൻ, ചീഫ് എഞ്ചിനീയർ, (പ്രോജക്ട് -II) ജലസേചന വകുപ്പ്
10. ശ്രീ. സുരേഷ് കുമാർ എസ്., ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
11. ശ്രീ. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്
12. ശ്രീ. എസ്. തിലകൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്, ജലസേചന വകുപ്പ്
13. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ചീഫ് എഞ്ചിനീയർ (ഐ.& എ.), ജലസേചന വകുപ്പ്

14. ശ്രീ. ശിവകുമാർ വി., ഡെപ്യൂട്ടി ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്, തിരുവനന്തപുരം

15. ശ്രീ. ഷിജിത് വി., ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ (ഇൻ-ചാർജ്), കേരള വാട്ടർ അതോറിറ്റി

16. ശ്രീ. എസ്. സോമശേഖരൻ നായർ, ഫിനാൻസ് മാനേജർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

17. ശ്രീ. അജിത് കുമാർ ജി., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി

18. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ (പ്രോജക്ട്-II) ഡിപ്പാർട്ട്മെന്റ്

19. ശ്രീ. വി. ആർ., അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ്

20. ശ്രീ. എസ്. രാജു., സീനിയർ ഫിനാൻസ് ഓഫീസർ, O/o.ചീഫ് എഞ്ചിനീയർ (ഐ.&എ.), ജലസേചന വകുപ്പ്, തിരുവനന്തപുരം

21. ശ്രീ. കൃഷ്ണൻ ടി., സീനിയർ ഫിനാൻസ് ഓഫീസർ, (പ്രോജക്ട് -I), ജലസേചനവകുപ്പ്, കോഴിക്കോട്

22. ശ്രീ. പി. ജെ. തോമസ്, ഫിനാൻസ് ഓഫീസർ, കുട്ടനാട്, ആലപ്പുഴ

23. ശ്രീ. കുമാർ സി. പിള്ള, ഫിനാൻസ് ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

24. ശ്രീ. സലീൽ എച്ച്., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്

25. ശ്രീ. സന്തോഷ് കുമാർ. എസ്., ഡെപ്യൂട്ടി എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

26 ശ്രീ. പ്രേംലാൽ ടി. കെ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

27. ശ്രീമതി എലിസബത്ത് കൊരാത്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഫീൽഡ് സ്റ്റഡീസ് സർക്കിൾ, തൃശ്ശൂർ

28. ശ്രീമതി രേഖ ആർ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് ഡിവിഷൻ സർക്കിൾ, ചെങ്ങന്നൂർ

29. ശ്രീമതി കഞ്ഞമ്മ ആന്റണി, സൂപ്രണ്ടിംഗ് എഞ്ചിനീയർ,കുട്ടനാട് ഡിവിഷൻ സർക്കിൾ, കോട്ടയം

30. ശ്രീമതി ആൻസി ജോസഫ്, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

31. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ, ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

32. ശ്രീമതി ശുഭലക്ഷ്മി ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്ലാനിംഗ്

33. ശ്രീ. സഞ്ജീവ് പി.ടി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബാണാസുരസാഗർ ഇറിഗേഷൻ വർക്സ്

34. ശ്രീ. സതീഷ് ജോൺ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വർക്സ്

35. ശ്രീ. ഗോകുലൻ.ടി., അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ

36. ശ്രീ. അജിത് കുമാർ, എൻ., അസിസ്റ്റന്റ് ഡയറക്ടർ, ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

37. ശ്രീ. കിരൺ ബി രാജ്., അസിസ്റ്റന്റ് ഡയറക്ടർ, ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

38. ശ്രീ. ഷിബു ജി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് (BWE) ഡിപ്പാർട്ട്മെന്റ്

39. ശ്രീ. കെ.എ.ഷാജഹാൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചമ്രവട്ടം പ്രോജക്ട്

40. ശ്രീ. എൻ. ശങ്കര നാരായണൻ, അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം

41. ശ്രീ. രവീന്ദ്രൻ. ടി., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

42. ശ്രീമതി ബിനിഷ.എ., ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് XX (ശുദ്ധജല വിതരണവും ശുചീകരണവും) XXIX (കൃഷി), XXXVIII (ജലസേചനം) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ പരിഗണിക്കുകയും ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ - XX

## 2215- ശുദ്ധജല വിതരണവും ശുചീകരണവും

2215-01-190-99(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായ ധനം- പര്യവേഷണവും സൂക്ഷ്മ പരിശോധനയും

നിലവിൽ ഉത്പാദനഘടകങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും പണികൾ നടന്നുവരുന്നതുമായ 128 പദ്ധതികൾക്ക് വിതരണശൃംഖല സ്ഥാപിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റുകളും എഞ്ചിനീയറിംഗ് റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനു വേണ്ടിയുള്ള സർവ്വേ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-96—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കുപ്പിവെള്ളം നിർമ്മാണയൂണിറ്റ്

അരുവിക്കരയിലെ കുപ്പിവെള്ള ഉത്പാദന യൂണിറ്റിന്റെ ഇതുവരെയുള്ള പ്രവൃത്തികളുടെ തുക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായും യൂണിറ്റ് പ്രവർത്തനക്ഷമമായി കഴിയുമ്പോൾ ആവശ്യമായ പ്രാരംഭ ചെലവിനും വിപണന, പരസ്യ, നടത്തിപ്പ് എന്നീ ആവശ്യങ്ങൾക്കുമായും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2215-01-190-92—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുള്ള സഹായം - കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചുറ്റുമതിൽ നിർമ്മാണത്തിനായും സോളാർ പാനൽ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ വേലി നിർമ്മിക്കുന്നതിനായും കൃത്യമായ ഇടവേളകളിൽ ജലശുദ്ധീകരണശാലകൾ,

പമ്പ് ഹൗസുകൾ, ജലസംഭരണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായും ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2215-01-101-97(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാപദ്ധതികൾ നടപ്പാക്കൽ - നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് സമ്പ്രദായവും

വൈദ്യുതിചാർജ്ജ് ഇനത്തിൽ ഉണ്ടാകുന്ന ചെലവ് ചുരുക്കുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സ് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെ സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കേരളമൊട്ടാകെ, മേൽക്കൂരസ്സ് $100m^2$-ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാട്ടർ അതോറിറ്റിയുടെ കെട്ടിടങ്ങളിലും രണ്ട് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും സ്ഥലങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 45.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പഞ്ചായത്തുകളിൽ നിലവിലുള്ള മിനി കുടിവെള്ള പദ്ധതികളിൽ ഉറവിടം നഷ്ടമായിപ്പോകുന്ന പദ്ധതികളുടെ ടാങ്കുകളിലേയ്ക്ക് ജലവിഭവ വകുപ്പിന്റെ കണക്ഷൻ കൊടുത്തുകൊണ്ട് അവിടെ ബൾക്ക് മീറ്ററുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നത് ഗുണകരമായിരിക്കുമെന്ന് നിരീക്ഷിച്ച സമിതി ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരത്തിൽ ചെയ്യാനാകുമെന്നുള്ള കാര്യം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2215-01-800-47—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - കുടിവെള്ള വിതരണവുംവരൾച്ച പരിഹാരവും

പ്രകൃതി ദുരന്തങ്ങളിൽ അടിയന്തര സാഹചര്യങ്ങൾ ഏറ്റെടുക്കുന്നതിനും വരൾച്ച ബാധിത പ്രദേശങ്ങളിലെ പൈപ്പ് ലൈൻ വിപുലീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-64—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം -മറ്റുചെലവുകൾ - മഴവെള്ളക്കൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെ അളവുയർത്തൽ

മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളക്കൊയ്ത്ത് പരിപാടിയുടെ ഭാഗമായി 2020-2021-ൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 24.67 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-87—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - സംരംഭക വിഭവ ആസൂത്രണ സ്ഥാപന ശാക്തീകരണവും ഇ-ഗവേർണൻസും ജി.ഐ.എസ്.ഉം ഇൻഫർമേഷൻ മാനേജ്മെന്റും

കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുക, പരിപാലിക്കുക സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുക, നവീകരിക്കുക, ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ പരിപാലനം, റവന്യൂ ശേഖരണകേന്ദ്രങ്ങളുടെ 100% കമ്പ്യൂട്ടറൈസേഷൻ, പേമെന്റ് സംവിധാനങ്ങൾക്കുമായി മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99(19)-31—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം -സഹായധനം - ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളിലെ അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 263.3425 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99(19)-36—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം -ശമ്പളേതരം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളിലെ അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 188.1098 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-102-80—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജനസഹായത്തോടുകൂടിയ ജലവിതരണ പദ്ധതിക്ക് സുസ്ഥിരത ഉറപ്പാക്കൽ

ഗുണഭോക്താക്കൾ പരിപാലിക്കുന്നതും എന്നാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ 748 കടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും 100 കടിവെള്ള പദ്ധതികളുടെ ജലഗുണനിലവാരം ഉയർത്തുന്നതിനുമായി ഈ ശീർഷകത്തിൽ 122.64 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99(02)-31—ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയുള്ള സഹായധനം - സഹായധനം- ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ശമ്പളം, പെൻഷൻ, എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 26.1411 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2215-02-190-99(02)-36—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 18.4954 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 4215-ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനചെലവ്

4215-01-102-91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനചെലവ് - ശുദ്ധജലവിതരണം-ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജലവിതരണപദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ കീഴിലുള്ള ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 12.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4215-01-102-98(01) —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണം - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - ആർ.ഐ.ഡി.എഫ്.

നിലവിലുള്ളതും നേരത്തെ നബാർഡ് അനുമതി ലഭിച്ച് ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയതുമായ പദ്ധതികളുടെ വിതരണ ശൃംഖലകളുടെ പണി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4215-02-190-99 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മാലിന്യനിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യസംസ്കരണ പദ്ധതി

കേരള വാട്ടർ അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ടി ഈ ശീർഷകത്തിൽ 92 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4215-01-101-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - നഗര ജലവിതരണ പദ്ധതി - നഗരജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/പുനരധിവാസം

ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായും നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായും ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-102-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - ഗ്രാമീണ ജലവിതരണം - ഗ്രാമീണ ജലവിതരണ പദ്ധതികൾ

ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ 128 പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായും നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായും ഈ ശീർഷകത്തിൽ 90 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-89—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റുചെലവുകൾ- ഉത്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

കുടിവെള്ളം വിതരണം മുടങ്ങാതെ നടത്തുന്നതിനായി പഴയ ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുക, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഡബ്ല്യു.ടി.പി.-യുടെ പുനരധിവാസം, പഴയ പൈപ്പ്ലൈനുകൾ മാറ്റി ജല ചോർച്ച ഒഴിവാക്കുക, കാലഹരണപ്പെട്ട പമ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുക,

നിലവിലുള്ള സ്കീമുകളിൽ ലഭ്യമായ അധികജലം ഉപയോഗിച്ച് കൊണ്ട് ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരിക്കുക, ഫ്ലോമീറ്ററുകൾ സ്ഥാപിക്കുക, മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4215-01-101-96—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം -നഗരജലവിതരണ പദ്ധതി - അരുവിക്കര പമ്പിങ് സ്റ്റേഷന്റെ നവീകരണം</u>

അരുവിക്കര പമ്പിങ് സ്റ്റേഷനിൽ ഉയർന്ന ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4215-01-800-91—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റ് ചെലവുകൾ - മാനവശേഷി വികസനവും, ഗവേഷണ ഗുണ നിയന്ത്രണം</u>

എഞ്ചിനീയർമാരുടെ പരിശീലനം, എൽട്രോമെക്കാനിക്കൽ വർക്ക്ഷോപ്പ്, ലൈബ്രറി എന്നിവയുടെ പരിപാലനം, ജില്ലാ ലാബുകളുടെ അക്രഡിറ്റേഷൻ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 19 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-92—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റ് ചെലവുകൾ - ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും</u>

ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും ബണ്ടുകളുടേയും നിർമ്മാണം കുഴൽ കിണറുകൾ, തുറന്ന കിണറുകൾ, ഇൻഫിൽട്രേഷൻ ഗാലറികൾ, ലീഡിങ് ചാനലുകൾ ജലസംഭരണികൾ, വാമനപുരം, കടലുണ്ടി, ഭാരതപ്പുഴ, ചാലിയാർ തുടങ്ങിയ നദികൾക്ക് കുറുകെ വെയറുകൾ/ബണ്ടുകൾ, ചെക്ക് ഡാമുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-102-92—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-ഗ്രാമീണജല വിതരണം ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) 50% കേന്ദ്ര വിഹിതം

കേന്ദ്ര സർക്കാറിന്റെ പദ്ധതിയായ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 2024 ആകുമ്പോഴേക്കും ഗ്രാമീണ മേഖലയിലുള്ള എല്ലാവർക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ വഴി ആവശ്യാനുസരണം സുരക്ഷിതമായി കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 1600 കോടി രൂപ സംസ്ഥാനവിഹിതമായി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIX—(കൃഷി)

### 2702—ചെറുകിട ജലസേചനം

2702-01-800-94-05-2—ചെറുകിട ജലസേചനം- ഉപരിതലജലം-മറ്റുചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം- ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-01-800-94-34—ചെറുകിട ജലസേചനം- ഉപരിതലജലം - മറ്റുചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം- മറ്റുചെലവുകൾ

ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2702-01-800-88-33—ചെറുകിട ജലസേചനം- ഉപരിതലജലം - മറ്റുചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ

പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി 2019-20 വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിന് ഈ ശീർഷകത്തിൽ 16.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98-34-3—ചെറുകിട ജലസേചനം- സംരക്ഷണ പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണ പണികൾ - മറ്റുചെലവുകൾ - മറ്റുചെലവുകൾ- മറ്റിനം

2019-ലെ വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും വിവിധ ഇറിഗേഷൻ പദ്ധതികൾക്കുണ്ടായ കേടുപാടുകൾ തീർക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98-34-(03)—ചെറുകിട ജലസേചനം- സംരക്ഷണ പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണ പണികൾ - മറ്റുചെലവുകൾ - വെള്ളപ്പൊക്ക നാശം മൂലമുള്ള അറ്റകുറ്റപ്പണികൾ

2019-ലെ വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും വിവിധ ഇറിഗേഷൻ പദ്ധതികൾക്കുണ്ടായ കേടുപാടുകൾ തീർക്കുന്നതിന് ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2702-02-103-99—ചെറുകിട ജലസേചനം-ഭൂഗർഭജലം-കുഴൽകിണറുകൾ-ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതി

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനും കുഴൽകിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 4702-ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്-ഉപരിതലം- ചെറുകിട ജലസേചന പദ്ധതികൾ

ജലസംരക്ഷണത്തിനും ജലസേചന സൗകര്യം ഒരുക്കുന്നതിനും ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-97—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - ലിഫ്റ്റ് ഇറിഗേഷൻ

ഉയർന്ന പ്രദേശങ്ങളിൽ ജലസേചനം ഉറപ്പുവരുത്തുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 12 പുതിയ എൽ.ഐ.സ്കീമുകൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ഉപരിതലജലം - കുളങ്ങളുടെ നവീകരണം

2020-21 സാമ്പത്തിക വർഷത്തിൽ 62 കുളങ്ങളുടെ നവീകരണം ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-82 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതലജലം- ചെറുകിട ജലസേചനം - ക്ലാസ്സ് II

നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും മൈക്രോ ഇറിഗേഷൻ ഉൾപ്പെടെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-79 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - ചെക്ക്ഡാമുകളും റെഗുലേറ്ററുകളും

വരൾച്ച തടയുന്നതിനും കുടിവെള്ള വിതരണത്തിനുമായി തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

ചെറുഅരുവികളുടെ സമഗ്രമായ വികസനത്തിനും കബനിയിലേയും പാമ്പാറിലേയും കുളങ്ങളുടെ അഭിവൃദ്ധിപ്പെടുത്തലിനും തടയണകളുടെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-73—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്- ഉപരിതല ജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനസ്ഥാപനം

വെള്ളപ്പൊക്കംമൂലവും കാലപ്പഴക്കംമൂലവും കേടുപാടുകൾ വന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ നന്നാക്കലിനും മറ്റുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-71 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - ഭവാനി തടം- അട്ടപ്പാടിയിൽ ചെക്ക്ഡാമുകൾ

ആദിവാസി മേഖലകളിൽ ഉപയോഗപ്പെടും വിധം തടയണയും എൽ.ഐ.സ്കീമും പോലുള്ള ചെറുജല സംഭരണികൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-65 -(01) —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - ചെറുകിട ജലസേചനം - ക്ലാസ് II-ഹരിതകേരളം പദ്ധതികൾ - മരാമത്തുകൾ

നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-63-01 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഉപരിതല ജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജല സ്രോതസ്സുകളുടെ സംരക്ഷണം - ഹരിതകേരളം പദ്ധതികൾ - മരാമത്തുകൾ

ശരിയായ പരിപാലനമില്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട വിവിധ കുളങ്ങളും ടാങ്കുകളും പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾക്ക് ഈ ശീർഷത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-102-94-(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ് - ഭൂഗർഭ ജലം- ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി - മരാമത്തുകൾ

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനും ചെറുകിട ജലവിതരണ പദ്ധതികളുടെ

നവീകരണത്തിനും കുഴൽ കിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXXVIII (ജലസേചനം)

### 2700 -വൻകിട ജലസേചനം

2700-02 —വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് സംരക്ഷണ പണികൾക്കും വൈദ്യുതി ചിലവിനത്തിലും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-03—വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ളിഷ്മെന്റ് ഇനത്തിലും സംരക്ഷണ പണികൾക്കുമായി ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-04—വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-05—വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-12—വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയിൽ ദിവസവേതന തൊഴിലാളികളുടെ വേതനത്തിനും സംരക്ഷണ പണികൾക്കുമായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-13—വൻകിട ജലസേചനം - കുറ്റ്യാടി പദ്ധതി (വാണിജ്യേതരം)

കാവേരി ഹൗസിന്റെ അറ്റകുറ്റപ്പണികൾക്കും വൈദ്യുതി ചെലവിനും കുറ്റ്യാടി പ്രോജക്ടിന്റെ സംരക്ഷണ പണികൾക്കും തോട്ടത്തിന്റെ സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-17—വൻകിട ജലസേചനം - ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർപുഴ പദ്ധതിയിൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-18—വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ഡാമിന്റെ സംരക്ഷണപ്പണികൾക്കും അനുബന്ധ കെട്ടിടങ്ങളുടെ വൈദ്യുതിചാർജ്ജിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2700-25—വൻകിട ജലസേചനം - മൂലത്തറ ആർ.ബി. കനാൽ പദ്ധതി (വാണിജ്യേതരം)

മൂലത്തറ ആർ.ബി.കനാൽ പദ്ധതിയിൽ കനാൽ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-80-001-99—വൻകിട ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - ഭരണവും നടത്തിപ്പും

ജീവനക്കാരുടെ ശമ്പളം, റ്റി.എ, എൽ.ടി.സി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-01—വൻകിട ജലസേചനം - പെരിയാർ നദീതടപദ്ധതി (വാണിജ്യപരം)

കനാലിന്റെ അറ്റകുറ്റപ്പണികൾക്കും തകർന്നുകിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-11—വൻകിട ജലസേചനം - നെയ്യാർ ജലസേചനപദ്ധതി (വാണിജ്യേതരം)

സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-14—വൻകിട ജലസേചനം - വടക്കാഞ്ചേരിപദ്ധതി (വാണിജ്യേതരം)

അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-16—വൻകിട ജലസേചനം - പമ്പാ ജലസേചനപദ്ധതി (വാണിജ്യേതരം)

സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1.20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-27—വൻകിട ജലസേചനം - കല്ലട ജലസേചനപദ്ധതി (വാണിജ്യേതരം)

കനാലുകളുടെ സംരക്ഷണ പണികൾ ചെയ്യുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 21.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-80-001-98—വൻകിട ജലസേചനം - ജനറൽ- ഭരണവും നടത്തിപ്പും മേൽനോട്ടം

പ്രോജക്ട് സർക്കിൾ പിറവം, പാലക്കാട്, കണ്ണൂർ എന്നീ ഓഫീസുകളിലെ കമ്പ്യൂട്ടർ ജോലികൾക്കായും ഇന്ധനത്തിന്റെയും, സാധനസാമഗ്രികളുടെയും വിലക്കയറ്റം പരിഗണിച്ചും ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-80-001-97—വൻകിട ജലസേചനം - ജനറൽ- ഭരണവും നടത്തിപ്പും നടത്തിപ്പ്

ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ, ചിറ്റൂർ എന്നീ ഓഫീസുകളിലെ കമ്പ്യൂട്ടർ ജോലികൾക്കായും ഇന്ധനത്തിന്റെയും സാധനസാമഗ്രികളുടെയും വിലക്കയറ്റം പരിഗണിച്ചും ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2701- ഇടത്തരം ജലസേചനം

2701-15-101-99-02-5—ഇടത്തരം ജലസേചനം- കട്ടനാട് വികസനപദ്ധതി - സംരക്ഷണ പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് - വേതനം - ദിവസവേതനം

ദിവസവേതനക്കാരുടെ ശമ്പളം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനകളിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2701-16-101-99-02-5—ഇടത്തരം ജലസേചനം - കാട്ടാമ്പള്ളി പദ്ധതി - സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് - വേതനം - ദിവസവേതനം

കാട്ടാമ്പള്ളി പദ്ധതിയിൽ താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിന് ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-11—ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-12—ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും ബിൽഡിംഗ് മെയിന്റനൻസിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-17—ഇടത്തരം ജലസേചനം - ചേരമംഗലം പദ്ധതി (വാണിജ്യേതരം)

കനാലുകളുടെ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 - 20 —ഇടത്തരം ജലസേചനം - വെള്ളിയാങ്കല്ല് കാസ് വേ (വാണിജ്യേതരം)

അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-001-93 (02)—ഇടത്തരം ജലസേചനം -ജനറൽ - ഭരണവും നടത്തിപ്പും - കാവേരി നദീതട പദ്ധതികൾ- നടത്തിപ്പ്

കാഷ്വൽ സ്വീപ്പറുടെ വേതനം, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, വാഹനങ്ങളുടെ ഇന്ധനചെലവ്, എൽ.ടി.സി. എന്നിവയിലേക്കായി ഈ ശീർഷകത്തിൻ 7.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-02—ഇടത്തരം ജലസേചനം -ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 3.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-03—ഇടത്തരം ജലസേചനം - ചീരക്കുഴി പദ്ധതി (വാണിജ്യപരം)

പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 -14—ഇടത്തരം ജലസേചനം - ചിമ്മിനി പദ്ധതി (വാണിജ്യേതരം)

പ്രളയക്കെടുതിയിൽ തകർന്ന നിർമ്മാണങ്ങളുടെയും കനാൽ ശൃംഖലകളുടെയും പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-800-97—ഇടത്തരം ജലസേചനം - ജനറൽ - മറ്റുചെലവുകൾ- മറ്റുജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും ഷട്ടറുകളും മാറ്റി സ്ഥാപിക്കുന്നതിനും പ്രളയക്കെടുതിയിൽ ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൻ 7.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-005-92—ഇടത്തരം ജലസേചനം -ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും-ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം ആധുനിക വൽകരണം

തീരദേശ ഡേറ്റാ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനും കോസ്റ്റൽ ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൻ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2711- വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-98-34-3—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ വർക്ക് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ- മറ്റുചെലവുകൾ- മറ്റിനം

പ്രളയംമൂലമുണ്ടായ കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-02-103-99-34-3—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും കടലാക്രമണനിരോധന പദ്ധതികൾ - സിവിൽ പണികൾ - കടലാക്രമണനിരോധന പണികൾ സംരക്ഷണം-മറ്റു ചെലവുകൾ - മറ്റിനം

മൺസൂൺ മാസങ്ങളിലുണ്ടാകുന്ന കടലാക്രമണകെടുതികൾ നേരിടുന്നതിനും കടൽഭിത്തികളുടെ സംരക്ഷണവും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-99-21-2—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനിയർ- കുട്ടനാട് പാക്കേജ് (75% CSS) - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കുട്ടനാട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.94 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-99-99—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്കനിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് -(75% CSS) വിവരസാങ്കേതികവിദ്യ

കുട്ടനാട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓൺലൈൻ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളുടെ മെയിന്റനൻസിനായി ഈ ശീർഷകത്തിൽ 75,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-99-06—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്കനിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്- (75% സി.എസ്.എസ്) - വാടക, കരം, നികുതി

പുതുക്കിയ നിരക്കിൽ വാടക നൽകുന്നതിനും അവശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-99-45—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്കനിയന്ത്രണം - ഭരണവും നടത്തിപ്പും - നടത്തിപ്പ്, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്-(75% സി.എസ്.എസ്) - പി.ഒ.എൽ.

ഇന്ധനച്ചെലവിനും ഇന്ധനച്ചെലവിന്റെ കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2711-01-001-98-21-2—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്കനിയന്ത്രണം - ഭരണവും നടത്തിപ്പും -മേൽനോട്ടം കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.) - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലപ്പഴക്കംമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2711-01-001-98-99—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്കനിയന്ത്രണം - ഭരണവും നടത്തിപ്പും-മേൽനോട്ടം-കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്) - വിവര സാങ്കേതികവിദ്യ

ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടറുകളുടെ മെയിന്റനൻസിനുമായി ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-97-21-2—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും - നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്) - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലപ്പഴക്കംമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 58,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-001-97-05-2—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും -നടപ്പാക്കൽ- കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്) - ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

കുട്ടനാട് പാക്കേജിൽ വൈദ്യുത ചാർജ്ജ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 — വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4700-12—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയിൽ നിർമ്മാണ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4700-13—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി പദ്ധതിയിൽ നിർമ്മാണ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-17—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർപ്പുഴ പദ്ധതിയിൽ കനാൽ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-24 —വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കരിയാർകുറ്റി - കാരപ്പാറ പദ്ധതി (വാണിജ്യേതരം)

കരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-25—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

മൂലത്തറ ആർ.ബി കനാൽ പദ്ധതിയിൽ ഇടതുകര കനാൽ നീട്ടുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-20—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)

ഇടമലയാർ പദ്ധതിയിൽ കരാർ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

2020 ജനുവരിമാസം വരെയുള്ള പെൻഡിംഗ് ബില്ലുകൾ കൊടുത്ത് തീർക്കുന്നതിനും 2020-21-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുമായും കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 7.5820 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4700-80-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - യന്ത്രോപകരണങ്ങൾ- വൻകിട ജലസേചനപദ്ധതികൾക്കുവേണ്ടി സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക നൽകൽ

വൻകിട ജലസേചനപദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-80-800-89—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-യന്ത്രോപകരണങ്ങൾ-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-21—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് മീനച്ചിൽ പദ്ധതി (വാണിജ്യേതരം)

ഒറിജിനൽ വർക്കിന്റെ ബിൽ കൊടുത്ത് തീർക്കുന്നതിനും അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും മറ്റ് ചെക്ക് ഡാമുകളുടെയും നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 11.785 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-80-005-99—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ജനറൽ - സർവ്വേയും അന്വേഷണവും- ജലസേചനപദ്ധതികളിന്മേൽ അന്വേഷണം

വെള്ളപ്പൊക്ക നിയന്ത്രണത്തിന് അണക്കെട്ടുകൾ നിർമ്മിക്കുന്നതിനായി (അട്ടപ്പാടി) ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 4701 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4701-12—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പ്രോജക്ട് ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-18 —ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

ചമ്രവട്ടം പ്രോജക്ടിൽ ഭരണച്ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-72 —ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മറ്റുചെലവുകൾ- വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും ആധുനിക വൽക്കരണം

കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-25-800-97 —ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- പാമ്പാർ ബേസിൻ പ്രോജക്ട് മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധപണിയും

പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനും സിവിൽ ഇൻസ്ട്രുമെന്റേഷൻ ജോലികൾക്കും സ്ഥലം ഏറ്റെടുപ്പിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-77—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ജനറൽ-മറ്റ് ചെലവുകൾ- ഡാം പുനരുദ്ധാരണ പദ്ധതി

DRIP-മായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**4711-വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച് മൂലധനച്ചെലവ്**

4711-01-103-99 —വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച് മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ- സിവിൽ പണികൾ

പ്രളയംമൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച് മൂലധനച്ചെലവ്- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ പണികൾ- സിവിൽ പണികൾ

കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 24 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-103-84—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച് മൂലധനച്ചെലവ് വെള്ളപ്പൊക്ക നിയന്ത്രണം- സിവിൽ പണികൾ- കുട്ടനാട്- വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

കുട്ടനാട് താലൂക്കിലെ പുറം ബണ്ട് ബലപ്പെടുത്താത്ത പാടശേഖരങ്ങളിൽ പുറംബണ്ട് സംബന്ധിച്ച പ്രവൃത്തി ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 17.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സമിതി നൽകിയ അധിക ശിപാർശ**

കാവേരി ബേസിനിൽ വിഭാവനം ചെയ്യുന്ന കടമാൻതോട് തോണ്ടാർ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനചെലവ് മറ്റ് ചെലവുകൾ (4701-80) എന്ന ശീർഷകത്തിൽ മൈനർ ഹെഡ് അനുവദിച്ച് ആയതിലേയ്ക്ക് 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാറ്, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻകെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി, പമ്പ, മംഗലം, കാരാപ്പുഴ എന്നീ 16 ഡാമുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി DRIP Phase II A Central Water Commission-ന് സമർപ്പിച്ച് അംഗീകാരം നേടിയ 166 കോടി രൂപയുടെ പ്രൊപ്പോസലിൽ പ്രസ്തുത തുകയുടെ 30% തുക 2020-21-ൽ ചെലവാക്കണമെന്ന Government of India, Department of Economic Affairs-ന്റെ നിർദ്ദേശമുള്ളതിനാൽ DRIP PhaseII-ലേയ്ക്ക് പുതിയ ശീർഷകം അനുവദിച്ച് 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നീലൂർ കടിവെള്ള പദ്ധതിക്കായി 20 കോടി രൂപയും പരുതൂർ- തിരുവേഗപ്പുറ- മുതുതല, പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കടിവെള്ള പദ്ധതിക്കായി 60 കോടി രൂപയും പുതിയ ശീർഷകം അനുവദിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൂന്നിലവ് ചില്ലിച്ചി ചെക്ക് ഡാം കം ബ്രിഡ്ജ് പദ്ധതിക്കായി 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൂന്നിലവ് പഞ്ചായത്തിലെ ഇരുമപ്ര കുടിവെള്ള പദ്ധതിക്കായി 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി 24-2-2020-ന് കൂടാൻ തീരുമാനിച്ചിരുന്ന യോഗം 25-2-2020-ന് രാവിലെ 11 മണിക്ക് കൂടാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.45-ന് പിരിഞ്ഞു.

## 25-2-2020-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-III, 2020 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. വി.ടി.ബൽറാം, എം.എൽ.എ.
2. ശ്രീ. മാണി.സി.കാപ്പൻ, എം.എൽ.എ.
3. ശ്രീ. വി.കെ.പ്രശാന്ത്, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി. വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

<u>ഭേദഗതി നമ്പർ 1</u>

ശിപാർശ നമ്പർ 15-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 42 കോടി രൂപയ്ക്ക് പകരം 92 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭേദഗതി നമ്പർ 2

ശിപാർശ നമ്പർ 21-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 48 കോടി രൂപയ്ക്ക് പകരം 98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭേദഗതി നമ്പർ 3

ശിപാർശ നമ്പർ 22-ൽ "ഈ ശീർഷകത്തിൽ 1,600 കോടി രൂപ അധികമായി " എന്നതിന് പകരം "ഈ ശീർഷകത്തിൽ 1,600 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി " എന്ന് മാറ്റം വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

ഭേദഗതി നമ്പർ 4

ശിപാർശ നമ്പർ 30-ൽ "12 പുതിയ എൽ.ഐ സ്കീമുകൾ ഏറ്റെടുക്കുന്നതിന്" എന്നതിന് പകരം "12 പുതിയ എൽ.ഐ. സ്കീമുകൾ, കമ്മ്യൂണിറ്റി മൈക്രോഇറിഗേഷൻ എന്നിവ ഏറ്റെടുക്കുന്നതിനായി" എന്ന് മാറ്റം വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും ഈ ശീർഷകത്തിൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 2 കോടി രൂപയ്ക്ക് പകരം 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ഭേദഗതി നമ്പർ 5

ശിപാർശ നമ്പർ 48-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 25 ലക്ഷം രൂപയ്ക്ക് പകരം 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഭേദഗതി നമ്പർ 6

ശിപാർശ നമ്പർ 60-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 50 ലക്ഷം രൂപയ്ക്ക് പകരം 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭേദഗതി നമ്പർ 7

ശിപാർശ നമ്പർ 62-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 25 ലക്ഷം രൂപയ്ക്ക് പകരം 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭേദഗതി നമ്പർ 8

ശിപാർശ നമ്പർ 81-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 4 കോടി രൂപയ്ക്ക് പകരം 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭേദഗതി നമ്പർ 9

ശിപാർശ നമ്പർ 88-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 11.7850 കോടി രൂപയ്ക്ക് പകരം 17 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഭേദഗതി നമ്പർ 10

ശിപാർശ നമ്പർ 92-ൽ നിലവിൽ ആവശ്യപ്പെട്ടിരുന്ന 4 കോടി രൂപയ്ക്ക് പകരം 14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന്, സമിതി താഴെപ്പറയുന്ന അധിക ശിപാർശകൾ നൽകി:

1. നീലൂർ കടിവെള്ള പദ്ധതിക്കായി 20 കോടി രൂപയും പരുളർ, തിരുവേഗപ്പുര, മുതുതല പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്രകടിവെള്ള പദ്ധതിക്കായി 60 കോടി രൂപയും പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. മൂന്നിലവ്, ചില്ലിച്ചി ചെക്ക് ഡാം കം ബ്രിഡ്ജ് പദ്ധതിക്കായി 3.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3. മൂന്നിലവ് പഞ്ചായത്തിലെ ഇരുമപ്ര കടിവെള്ള പദ്ധതിക്കായി 90 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ടി ഭേദഗതികളും അധിക ശിപാർശകളും ഉൾപ്പെടുത്തിക്കൊണ്ട് 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.